www.gospelinmalayalam.com

# ROMANS - CHAPTER 11

9-ാം അദ്ധ്യായത്തിൽ ദൈവത്തിന്റെ പരമാധികാരം - യിസ്രായേലിന്റെ നിരാകരണം ദൈവ നീതിക്കനുസരിച്ചായിരുന്നു, എന്നു വിവരിച്ചു.

10-ാം അദ്ധ്യായത്തിൽ മനുഷ്യന്റെ ഉത്തരവാദിത്വം - യിസ്രായേലിന്റെ നിരാകരണം അവരുടെ അവിശ്വാസം ഹേതുവായി എന്നു നാം കണ്ടു.

11-ാം അദ്ധ്യായത്തിൽ യിസ്രായേലിന്റെ നിരാകരണം പൂർണ്ണമല്ല-അന്തിമമല്ല. യിസ്രായേലുമായുള്ള ബന്ധത്തിൽ സർവ്വലോകത്തിനും ഉണ്ടാകുവാൻ പോകുന്ന ശോഭനമായ ഭാവിയെപ്പറ്റി നമുക്കു കാണാം.

Rom 11:1-6 ഒരു ശേഷിപ്പുണ്ട് - There is a Remnant

Rom 11:1 യിസ്രായേലിനെ ഒഴിച്ചു നിർത്തിക്കൊണ്ട് ലോകചരിത്രം പഠിച്ചാൽ അത് പൂർണ്ണമാകയില്ല. പഴയനിയമം മുഴുവനും അവരുടെ ചരിത്രമാണ്. ലോകത്തിൽ ദൈവം തിരഞ്ഞെടുത്ത ശ്രേഷ്ഠ ജനം - സ്വന്തം പദവികളെക്കുറിച്ചു പ്രശംസയോടെ കഴിഞ്ഞവർ - അവരുടെ claimsനെ അതിലംഘിക്കുന്ന "ദൈവസഭ" എന്ന കൂട്ടത്തെക്കുറിച്ചു അപ്പൊസ്തലൻമാർ പ്രസംഗിച്ചപ്പോൾ "ചഞ്ചല ചിത്തരായി" .

ദൈവം ജാതികളുടെ അടുക്കലേക്കു തിരിയുന്നത് അവർക്കു സഹിച്ചുകൂടായിരുന്നു.

1 Pet 2:9 - *നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു.*

ജാതികളെ ദൈവം പ്രത്യേകജനമായി തങ്കലേക്കു കൊണ്ടുവരുന്നതായി അപ്പസ്തലന്മാർ പ്രസംഗിച്ചു.

Conservative Jews ന് കോപം ജനിപ്പിച്ചു. അവർ ചോദിച്ചു "ദൈവം യിസ്രായേലിനെ തള്ളിക്കളഞ്ഞുവോ?

St. Paul ഉത്തരം പറയുന്നു - No, not at all - ഒരു നാളും ഇല്ല.

അപ്പൊ. പൗലൂസ് തന്നെയാണ് അതിനുള്ള Example - ജാതികളുടെ അപ്പൊസ്തലൻ എന്നു വിളിക്കപ്പെട്ടുവെങ്കിലും താൻ "യിസ്രായേല്യൻ" എന്ന് St. Paul വീണ്ടും വീണ്ടും സ്ഥിരപ്പെടുത്തുകയാണ്.

Phili.3:5 *ഇസ്രായേൽ ജാതിക്കാരൻ; ബെന്യാമീൻ ഗോത്രക്കാരൻ; എബ്രായരിൽനിന്നു ജനിച്ച എബ്രായൻ ന്യായപ്രമാണം സംബന്ധിച്ചു പരീശൻ:)*

അബ്രഹാമിന്റെ സന്തതി - ബന്യാമിൻ ഗോത്രക്കാരൻ - ബാബേൽ പ്രവാസത്തിനു ശേഷം യിസ്രായേലിനെ നയിച്ച രണ്ടു ഗോത്രങ്ങളിൽ പ്രധാനപ്പെട്ടത് യഹൂദാഗോത്രവും ബന്യാമിൻ ഗോത്രവുമാണ്. (Earlier യഹൂദ, എഫ്രയീം)

- ദൈവം യിസ്രായേലിനെ തള്ളിക്കളഞ്ഞില്ലായെന്നു സ്ഥാപിക്കാനായി St. Paul ഈ വചനഭാഗങ്ങൾ എടുക്കുകയാണ്.

Ps: 94:14 *യഹോവ തന്റെ ജനത്തെ തള്ളിക്കളകയില്ല; തന്റെ അവകാശത്തെ കൈവിടുകയുമില്ല.*

1Sam 12:22 *യഹോവ തന്റെ മഹത്തായ നാമം നിമിത്തം തന്റെ ജനത്തെ കൈവിടുകയില്ല; നിങ്ങളെ തന്റെ ജനമാക്കിക്കൊൾവാൻ യഹോവയ്ക്കു ഇഷ്ടം തോന്നിയിരിക്കുന്നു.*

Rom 11:2 ദൈവം മുന്നറിഞ്ഞിട്ടുള്ള ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല.- വിശദീകരണം -'അറിയുന്നില്ലയോ'? എന്നതു St. Paul ന്റെ ഒരു പ്രത്യേക ശൈലിയാണ്.

1Cor 3:16 *നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ?*

1Cor 5:6 *അസാരം പുളിമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു എന്നു അറിയുന്നില്ലയോ?* 1Cor 6:2 *വിശുദ്ധൻമാർ ലോകത്തെ വിധിക്കും എന്നു അറിയുന്നില്ലയോ? ലോകത്തെ നിങ്ങൾ വിധിക്കുമെങ്കിൽ ഏറ്റവും ചെറിയസംഗതികളെ വിധിപ്പാൻ നിങ്ങൾ അയോഗ്യരോ?*

fleettech@gmail.com

1Cor 9:24 *ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനെ വിരുതു പ്രാപിക്കുന്നുള്ളൂ എന്ന് അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാൻ തക്കവണ്ണം ഓടുവിൻ.*

യിസ്രായേലിന്റെ ഭാഗിക ഗ്രഹണം തന്റെ ജനത്തിന്റെ പൂർണ്ണമായ ഉപേക്ഷണമായി ഗണിയ്ക്കരുത് (Amos 3:2 *ഭൂമിയിലെ സകല വംശങ്ങളിലുംവെച്ചു ഞാൻ നിങ്ങളെ മാത്രം തിരഞ്ഞെടുത്തിരിക്കുന്നു; അതുകൊണ്ടു ഞാൻ നിങ്ങളുടെ അകൃത്യങ്ങളൊക്കെയും നിങ്ങളിൽ സന്ദർശിക്കും*)

ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട മുഴു യിസ്രായേലും രക്ഷിക്കപ്പെടും എന്ന് St. Paul വെളിപ്പെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്.

Rom 11:3,4 ഏലിയാവു പക്ഷവാദം ചെയ്യുകയാണ് -

1Ki19:10,14 *സൈന്യങ്ങളുടെ ദൈവമായ യഹോവയ്ക്കുവേണ്ടി ഞാൻ വളരെ ശുഷ്കാന്തിച്ചിരിക്കുന്നു; യിസ്രായേൽ മക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു നിന്റെ യാഗപീഠങ്ങളെ ഇടിച്ചു നിന്റെ പ്രവാചകൻമാരെ വാൾകൊണ്ടു കൊന്നുകളഞ്ഞു. ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു. അവർ എനിക്കും ജീവഹാനി വരുത്തുവാൻ നോക്കുന്നു എന്നു പറഞ്ഞു., അതിനു അവൻ സൈന്യങ്ങളുടെ ദൈവമായ യഹോവയ്ക്കുവേണ്ടി ഞാൻ വളരെ ശുഷ്കാന്തിച്ചിരിക്കുന്നു; യിസ്രായേൽ മക്കൾ നിന്റെ നിയമത്തെ ഉപേക്ഷിച്ചു, നിന്റെ യാഗപീഠങ്ങളെ ഇടിച്ചു, നിന്റെ പ്രവാചകൻമാരെ വാൾകൊണ്ടു കൊന്നുകളഞ്ഞു; ഞാൻ ഒരുത്തൻമാത്രം ശേഷിച്ചിരിക്കുന്നു; എനിക്കും അവർ ജീവഹാനി വരുത്തുവാൻ നോക്കുന്നു എന്നു പറഞ്ഞു.* )

പൊതുവായ പിൻമാറ്റത്തിൽ യിസ്രായേലിനെതിരായി ഏലിയാവു വാദിക്കുമ്പോൾ ദൈവം നൽകുന്ന ഉത്തരം.

1 King19:18 *എന്നാൽ ബാലിനു മടങ്ങാത്ത മുഴങ്കാലും അവനെ ചുംബനം ചെയ്യാത്ത വായും ഉള്ളവരായി ആകെ 7000 പേരെ ഞാൻ യിസ്രായേലിൽ ശേഷിപ്പിച്ചിരിക്കുന്നു.*)

ബാലിനു മുട്ടു മടക്കാത്ത 7000 പേരെ എനിക്കായി ശേഷിപ്പിച്ചിരിക്കുന്നു.

മുഴുവൻ പിണ്ഡത്തിൽ നിന്നും ഒരു ശേഷിപ്പിനെ ദൈവം വേർതിരിച്ചു നിർത്തുന്നു.- യിസ്രായേൽ ജനം ഒരു ജനതയായി തള്ളിക്കളയപ്പെട്ടിട്ടില്ല എന്നുള്ളതിന്റെ തെളിവായി St. Paul എടുത്തു കാട്ടുകയാണ് ചെയ്യുന്നത്.

Rom 11:5 ഈ കാലത്തിലും കൃപയാലുള്ള തെരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പു ഇന്നും ഉണ്ട്. ഒന്നാം നൂറ്റാണ്ടിൽ ദൈവസഭയുടെ ആരംഭത്തിൽ അതിൽ ഉൾപ്പെട്ട ജനം നല്ലൊരു പങ്കും യഹൂദ മത വിശ്വാസികളായിരുന്നു. - യിസ്രായേലിൽ ഭൂരിപക്ഷവും സുവിശേഷം നിരാകരിച്ചെങ്കിലും "തെരഞ്ഞെടുക്കപ്പെട്ട ശേഷിപ്പിന്റെ ആസ്തിക്യം" ദൈവത്തിന്റെ പ്ലാൻ വിഫലമായില്ല എന്നു തെളിയിക്കുന്നു.

- വിശ്വസിക്കുന്ന ശേഷിപ്പ് - കൃപയാലുള്ള തെരഞ്ഞെടുപ്പനുസരിച്ചുള്ള ശേഷിപ്പ്.

എല്ലാക്കാലത്തും ദൈവം ഒരു ശേഷിപ്പിനെ ഒരുക്കിയിരുന്നു.

- ഈ രാജ്യത്തും അതുണ്ട് - കഴിഞ്ഞ 2000 വർഷങ്ങൾക്കിടയിൽ "Christianity" മരിച്ചുവെന്ന് അതിന്റെ എതിരാളികൾ കരുതിയിരുന്ന അനേക സന്ദർഭങ്ങൾ ചരിത്രത്തിലുണ്ട്. എന്നാൽ ദൈവത്തിന്റെ കൃപയാലുള്ള ഒരു ശേഷിപ്പിനെ ദൈവം തമ്പുരാൻ എന്നും ഒരുക്കിക്കൊണ്ടേയിരുന്നു.

- ഇന്നു ലോകം കീഴ്മേൽ മറിഞ്ഞു കൊണ്ടിരിക്കുന്നു. അകൃത്യവും വഷളത്വവും കൊടികുത്തി വാഴുന്നു - ദൈവത്തെ ഭയമില്ലാത്ത ജനത ലോകത്തെ ഭരിക്കുന്നു.- ഇതിന്റെ ഒക്കെയും മദ്ധ്യേ സ്നേഹവാനായ സർവ്വശക്തനായ ദൈവം ഒരു ശേഷിപ്പിനെ തനിക്കായി വേർതിരിച്ച് ലോകത്തിന്റെ നാനാ കോണുകളിലും സൂക്ഷിക്കുന്നു.

Rom 11:6 കൃപയാലെങ്കിൽ പ്രവൃത്തിയാലല്ല - അല്ലെങ്കിൽ കൃപ കൃപയല്ല.

Eph 2:8,9 *കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രെ ആകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.*

Rom11:7-10 യിസ്രായേലിന്റെ കൂട്ടമായ അവിശ്വാസം നേരത്തെ തന്നെ ദൈവം രേഖപ്പെടുത്തി.

www.gospelinmalayalam.com

fleettech@gmail.com

Rom 11:7 യിസ്രായേൽ തെരഞ്ഞെതു പ്രാപിച്ചില്ല. Why ? അവർ പ്രവൃത്തിയാൽ അന്വേഷിച്ചു - ദൈവത്തിന്റെ നീതി പ്രവൃത്തിയാൽ ലഭിപ്പാനായി അവർ അന്വേഷിച്ചുകൊണ്ടിരുന്നു.{Rom 9:30-33}

തെരഞ്ഞെടുക്കപ്പെട്ടവർ അതു കണ്ടെത്തി. ദൈവനീതി കൃപയാൽ കണ്ടെത്തി. ശേഷമുള്ളവരോ കഠിനപ്പെട്ടിരിക്കുന്നു.

Rom 9 :18 *അങ്ങനെ തനിക്കു മനസ്സുള്ളവനോടു അവനു കരുണ തോന്നുന്നു; തനിക്കു മനസ്സുള്ളവരെ അവൻ കഠിനനാക്കുന്നു.*

Mark 3:5 *അവരുടെ ഹൃദയ കാഠിന്യം നിമിത്തം അവൻ ദുഃഖിച്ചുകൊണ്ടു കോപത്തോടെ അവരെ ചുറ്റും നോക്കി, ആ മനുഷ്യനോടു: കൈ നീട്ടുക എന്നു പറഞ്ഞു: അവൻ നീട്ടി, അവന്റെ കൈ സൗഖ്യമായി.*

2Cor 3:14 *എന്നാൽ അവരുടെ മനസ്സു കഠിനപ്പെട്ടുപോയി. പഴയനിയമം വായിക്കുമ്പോളൊക്കെയും ആ മൂടുപടം നീങ്ങാതെ ഇന്നുവരെ ഇരിക്കുന്നുവല്ലോ; അതു ക്രിസ്തുവിൽ നീങ്ങി പോകുന്നു.*

ചില യഹൂദന്മാർ വിശ്വാത്താലുള്ള നീതി പ്രാപിച്ചു. St. Paul പറയുന്നത് അവർ നിത്യജീവനായി തെരഞ്ഞെടുക്കപ്പെട്ടവർ ആയിരുന്നു. ഇതു ദൈവത്തിന്റെ പരമാധികാരത്താൽ സംഭവിക്കുന്നു.

- ചില യഹൂദന്മാർ അവിശ്വാസത്താൽ നശിക്കുന്നു - അവരുടെ സ്വന്തം തിരഞ്ഞെടുപ്പ്. അവർ അതിനു responsible - സ്വന്ത ഉത്തരവാദിത്വം അവർക്കു നിഷേധിക്കാൻ കഴിയില്ല.

Rom 11:8 Isa 29:10 *യഹോവ ഗാഢനിദ്ര നിങ്ങളുടെമേൽ പകർന്നു നിങ്ങളുടെ കണ്ണുകളെ അടച്ചിരിക്കുന്നു; അവൻ പ്രവാചകൻമാർക്കും നിങ്ങളുടെ ദർശകൻമാരായ തലവൻമാർക്കും മൂടുപടം ഇട്ടിരിക്കുന്നു.*

Isa 6:9 *അപ്പോൾ അവൻ അരുളി ചെയ്തതു: നീ ചെന്നു, ഈ ജനത്തോട് പറയേണ്ടതു: നിങ്ങൾ കേട്ടുകൊണ്ടിട്ടും തിരിച്ചറികയില്ല; നിങ്ങൾ കണ്ടുകൊണ്ടിട്ടും ഗ്രഹിക്കുകയുമില്ല.*

Duet 29:3 *എങ്കിലും തിരിച്ചറിയുന്ന ഹൃദയവും കാണുന്ന കണ്ണും കേൾക്കുന്ന ചെവിയും യഹോവ നിങ്ങൾക്കു ഇന്നുവരെയും തന്നിട്ടില്ല.* - ഈ മൂന്നു വാക്യങ്ങളും കൂടിയുള്ള ഉദ്ധരണിയാണിവിടെ St. Paul ഉപയോഗിച്ചിരിക്കുന്നത്.

Isa 6:9 ൽ നിന്നും 4 സുവിശേഷകന്മാരും ഉദ്ധരിച്ചിട്ടുണ്ട്.

Mt13:14 *"നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ല താനും; കണ്ണാൽ കാണും ദർശിക്കയില്ല താനും; ഈ ജനത്തിന്റെ ഹൃദയം തടിച്ചിരിക്കുന്നു; അവർ ചെവികൊണ്ടു മന്ദമായി കേൾക്കുന്നു; കണ്ണു അടച്ചിരിക്കുന്നു. അവർ കണ്ണു കാണാതെയും ചെവി കേൾക്കാതെയും ഹൃദയം കൊണ്ടു ഗ്രഹിക്കാതെയും തിരിഞ്ഞുകൊള്ളാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിനു തന്നെ".*

Mark 4:12 *അവർ മനം തിരിയാതെയും അവരോട് ക്ഷമിക്കാതെയും ഇരിക്കത്തക്കവണ്ണം അവർ കണ്ടിട്ടും അറിയാതിരിപ്പാനും കേട്ടിട്ടും ഗ്രഹിക്കാതെയിരിപ്പാനും സംഗതി വരും.*

Luke 8:10 *ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ അറിവാൻ നിങ്ങൾക്കു വരം ലഭിച്ചിരിക്കുന്നു; ശേഷമുള്ളവർക്കോ കണ്ടിട്ടും കാണാതിരിപ്പാനും, കേട്ടിട്ടും ഗ്രഹിക്കാതിരിപ്പാനും ഉപമകളിലത്രേ.*

John 12 :40 *"അവർ കണ്ണുകൊണ്ടു കാണുകയോ ഹൃദയംകൊണ്ടു ഗ്രഹിക്കുകയോ മനം തിരികയോ താൻ അവരെ സൗഖ്യമാക്കുകയോ ചെയ്യാതിരിക്കേണ്ടതിനു അവരുടെ കണ്ണു അവൻ കരുടാക്കി ഹൃദയം തടിച്ചിരിക്കുന്നു.*

We see another reference Acts : 28:26 *"നിങ്ങൾ ചെവികൊണ്ടു കേട്ടിട്ടും ഗ്രഹിക്കാതിരിക്കും; കണ്ണുകൊണ്ടു കണ്ടിട്ടും കാണാതിരിക്കും; കണ്ണുകൊണ്ടു കാണാതെയും ചെവികൊണ്ടു കേൾക്കാതെയും ഹൃദയംകൊണ്ടു ഗ്രഹിച്ചു മനംതിരിയാതെയും..*

ഗാഢനിദ്ര - മരവിപ്പ് - മരവിച്ച ആത്മാവ് - ചൈതന്യരാഹിത്യം - അന്ധമായ ആത്മാവ് - നിദ്രാലസമായ ആത്മാവ്.

Acts 7:51 *ശാഠ്യക്കാരും ഹൃദയത്തിനും ചെവിക്കും പരിഛേദനയില്ലാത്തവരുമായുള്ളോരെ, നിങ്ങളുടെ*

www.gospelinmalayalam.com
fleettech@gmail.com

*പിതാക്കൻമാരെപ്പോലെതന്നെ നിങ്ങളും എല്ലായ്പ്പോഴും പരിശുദ്ധാത്മാവിനോടു മറുത്തു നിൽക്കുന്നു*

- ശിക്ഷാർഹമായി ദൈവത്തെ വേദനിപ്പിക്കുന്നു.

യിസ്രായേല്യർ - ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം. അവന്റെ നീതിയുടെ ആഘാതം, ആത്മാവിനെ അന്ധമാക്കുന്നു - കഠിനമാക്കുന്നു.

Rom 11:9,10 Ps 69:22,23 *അവരുടെ മേശ അവരുടെ മുന്നിൽ കണിയായും അവർ സുഖത്തോടെയിരിക്കുമ്പോൾ കുടുക്കായും തീരട്ടെ. അവരുടെ കണ്ണു കാണാത്തവണ്ണം ഇരുണ്ടുപോകട്ടെ; അവരുടെ അര എപ്പോഴും ആടുമാറാകട്ടെ.*

Ps 35:8 *അവൻ വിചാരിയാതെ അവനു അപായം ഭവിക്കട്ടെ; അവൻ ഒളിച്ചുവെച്ച വലയിൽ അവൻ തന്നെ കുടുങ്ങട്ടെ.*

Ps 28:4 *അവരുടെ ക്രിയയ്ക്കു തക്കവണ്ണം പ്രവൃത്തികളുടെ ദുഷ്ടതകൾക്കു തക്കവണ്ണം അവർക്കു കൊടുക്കേണമെ.*

ഈ മൂന്നു വാക്യങ്ങളും സംയോജിച്ചുള്ള ഉദ്ധരണി - മേശ - വിഭവ സമൃദ്ധമായ വിരുന്ന്. ഭൗതിക സമൃദ്ധി, ന്യായപ്രമാണത്തിലുള്ള ഗർവിഷ്ഠമായ അമിത വിശ്വാസമാകുന്ന വിരുന്ന് എന്നും, ചിലർ ഇതിനെ വ്യാഖ്യാനിക്കാറുണ്ട് - അതുപോലെ തന്നെ "തെരഞ്ഞെടുക്കപ്പെട്ട ജനം" എന്നുള്ള Safe feeling

കെണി- പക്ഷികളെ പിടിക്കാനുള്ള കെണി.

കുടുക്ക്- വന്യ മൃഗങ്ങളെ പിടിക്കാനുള്ള കുടുക്ക്.

ഇടർച്ച- പ്രതികാരം

കണ്ണ് ഇരുണ്ടു പോകട്ടെ - അവർ വെളിച്ചത്തെക്കാൾ ഇരുട്ടിനെ സ്നേഹിച്ചു. അതുകൊണ്ട് ഇരിട്ടിൽ തപ്പിനടക്കട്ടെ. കർത്താവിന്റെ മഹത്വം കാണാൻ കഴിയാത്ത കണ്ണു മങ്ങിപ്പോകും.

മുതുകു കുനിയിക്കേണമേ : വാർദ്ധക്യത്താൽ മുതുകു കുനിയുന്നതുപോലെയും, ഭാരം ചുമക്കുന്നതിനാൽ അടിമകളുടെ മുതുക് കുനിയുന്നതുപോലെയും

- ഈ ശാപങ്ങളെല്ലാം ക്രിസ്തുവിനെ നിഷേധിക്കുന്ന യഹൂദ ജനത്തിനു സംഭവിക്കുമെന്ന് പ്രവചനാത്മാവിൽ ദാവീദു പറഞ്ഞിരിക്കുന്നു.

- ദൈവീകമായ പ്രതികാരത്തിന്റെ ആത്മാവ് "ശാപസങ്കീർത്തനങ്ങൾ" എന്ന ഗണത്തിൽ ധാരാളമായിക്കാണാം.

- ഇതു കർത്താവിന്റെ ചില ഉപമകളിലും ദർശിക്കാം. Math 21:41 *അവൻ ആ വല്ലാത്തവരെ വല്ലാതെ നിഗ്രഹിച്ചു തക്കസമയത്തു അനുഭവം കൊടുക്കുന്ന വേറെ കുടിയാൻമാർക്കു തോട്ടം ഏൽപ്പിക്കും എന്നു അവർ അവനോടു പറഞ്ഞു.*

Mt 22:7 *രാജാവ് കോപിച്ചു സൈന്യങ്ങളെ അയച്ചു ആ കുലപാതകൻമാരെ മുടിച്ചു അവരുടെ പട്ടണം ചുട്ടു കളഞ്ഞു.*

Mt 24:51 *അവനെ ദണ്ഡിപ്പിച്ചു അവനു കപടഭക്തിക്കാരോടുകൂടെ പങ്കു കൽപിക്കും അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും.*

Romans 11:11-32 **യിസ്രായേലിന്റെ ഭാവിരക്ഷ**- Purpose of Israel's Rejection

Rom11:11,12 അവർ വീഴേണ്ടതിനോ ഇടറിയത് എന്ന് ഞാൻ ചോദിക്കുന്നു.

Rom 10:19 - അവർക്കു എരിവു വരുത്തുവാൻ

1Cor 10:22 - അവർക്കു തീഷ്ണത ജനിപ്പിക്കുവാൻ - *അല്ല, നാം കർത്താവിനു ക്രോധം ജ്വലിപ്പിക്കുന്നുവോ? അവനെക്കാൾ നാം ബലവാൻമാരോ?)*

ചരിത്രപരമായി യഹൂദന്മാർ സുവിശേഷം നിരസിച്ചപ്പോൾ അപ്പൊ. പൗലൂസ് ജാതികളിലേക്കു തിരിഞ്ഞു.

Acts 13:46 *അപ്പോൾ പൗലോസും ബർണ്ണബാസും ധൈര്യം പൂണ്ടു: ദൈവവചനം ആദ്യം നിങ്ങളോടു*

www.gospelinmalayalam.com
fleettech@gmail.com

www.gospelinmalayalam.com

*പറയുന്നതു ആവശ്യമായിരുന്നു; എന്നാൽ നിങ്ങൾ അതിനെ തള്ളി നിങ്ങളെ തന്നെ നിത്യജീവനു അയോഗ്യർ എന്നു വിധിച്ചു കളയുന്നതിനാൽ ഇതാ, ഞങ്ങൾ ജാതികളിലേക്കു തിരിയുന്നു.*

Acts 28:28 *ആകയാൽ ദൈവം തന്റെ ഈ രക്ഷ ജാതികൾക്ക് അയച്ചിരിക്കുന്നു അവർ കേൾക്കും എന്നു നിങ്ങൾ അറിഞ്ഞുകൊൾവിൻ.*

അവരുടെ ലംഘനം ലോകത്തിനു ധനം - Rom 10: 12 ദൈവം സമ്പന്നൻ

അവരുടെ നഷ്ടം ജാതികൾക്കു സമ്പത്ത്-

യിസ്രായേലിന്റെ സുവിശേഷ നിരസനം മൂലം ജാതികൾ രക്ഷയിലേക്കു വന്നത് ഒരു ധനമായി -ഒരു നേട്ടമായി എന്ന് പൗലൂസ് വെളിപ്പെടുത്തുന്നു.

അവരുടെ യഥാസ്ഥാപനം - Restoration - നിറവ് - പൂർണ്ണത Rom 11:25 ൽ പൂർണ്ണസംഖ്യ എന്നുപയോഗിച്ചിരിക്കുന്നു. ഏതു കൊണ്ട് നിറയ്ക്കുന്നുവോ , ആ വസ്തു

1Cor10:26 *ഭൂമിയും അതിന്റെ പൂർണ്ണതയും കർത്താവിനുള്ളതല്ലോ.* )

ഭൂമിയും അതിന്റെ പൂർണ്ണതയും. നിറയ്ക്കപ്പെട്ട സ്ഥിതി

Eph1:23 *എല്ലാറ്റിനും എല്ലാം നിറയ്ക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭയ്ക്കു കൊടുക്കയും ചെയ്തിരിക്കുന്നു.*)

നിറയ്ക്കുന്നവന്റെ നിറവ്.

ഒരു ജാതി എന്ന നിലയിൽ യിസ്രായേലിന്റെ വീഴ്ച അന്തിമമല്ലെന്ന് പൗലൂസ് തെളിയിക്കുന്നു.

- തെരഞ്ഞെടുക്കപ്പെട്ട ശേഷിപ്പ് അവരുടെ Future Restoration ന്റെ അച്ചാരമാണ്. യിസ്രായേലിന്റെ ഇടർച്ച ജാതികൾക്കു രക്ഷ വരുത്തിയെങ്കിൽ അവരുടെ യഥാസ്ഥാപനം മാനവ ജാതിക്കു തന്നെ അവാച്യമായ അനുഗ്രഹങ്ങൾ പ്രദാനം ചെയ്യുമെന്ന് അപ്പൊ. പൗലൂസ് വാദിക്കുകയാണ്.

- യിസ്രായേലിന്റെ നിരസനം - സുവിശേഷത്തിന്റെ പുരോഗതിയ്ക്കു കാരണമായി

- അതുപോലെ തന്നെ ജാതി എന്ന നിലയിലും, അധികാരവർഗ്ഗമെന്ന നിലയിലും അവർക്കു സംഭവിച്ച വീഴ്ച, സുവിശേഷഘോഷണത്തെ തടസ്സപ്പെടുത്തുന്നതിൽ നിന്നും അവരെ തടയുകയും ചെയ്തു.

Rom 11:13,14 ഇതുവരെ യിസ്രായേലിനെക്കുറിച്ചു പറഞ്ഞശേഷം പൗലൂസ് ജാതികളിലേയ്ക്കു തിരിയുന്നു. താൻ ജാതികളുടെ അപ്പോസ്തലനാണ് എന്നാലും തനിക്ക് സ്വജനത്തെ ഉപേക്ഷിക്കാൻ സാധ്യമല്ല.

- ജാതികൾ ക്രിസ്ത്യാനിത്വത്തിൽ നിന്ന് എന്തു പ്രാപിച്ചു എന്നു കാണുമ്പോൾ “സ്പർദ്ധ” ഉണ്ടാകാൻ യഹൂദനെ പ്രേരിപ്പിക്കുന്നതായി പൗലൂസ് ഇവിടെ സംസാരിക്കുന്നു.

- എന്റെ ശുശ്രൂഷയെ പുകഴ്ത്തുന്നു - ഇതിന്റെ അർത്ഥം അഭിമാനം കൊള്ളുന്നു.

- വല്ലവിധേനയും -

Phil 3:11 *അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയും അനുഭവിച്ചറിയേണ്ടതിനു ഇങ്ങനെ വല്ലവിധേനയും മരിച്ചവരുടെ ഇടയിൽനിന്നുള്ള പുനരുത്ഥാനം പ്രാപിക്കേണം എന്നുവെച്ചു ഞാൻ അവന്റെ നിമിത്തം എല്ലാം ഉപേക്ഷിച്ചു ചവറു എന്നു എണ്ണുന്നു.* - പൗലൂസ് എത്രയും താഴുവാൻ തയ്യാർ.

വ്യഗ്രതയോടെ കഠിനാദ്ധ്വാനം ചെയ്യാൻ തയ്യാർ - സ്വജാതിക്കാരെ രക്ഷയിലേക്കു നയിക്കുവാനായി പൗലൂസ് ആവേശം കൊള്ളുകയാണ്.

- ജാതികളുടെ അപ്പൊസ്തലനായ പൗലൂസ് - വിശ്വസിക്കാത്ത യഹൂദരെ നേടേണ്ടതിനു കാണിക്കുന്ന സ്നേഹവും അനുകമ്പയും കരുതലും “ജാതികളായ വിശ്വാസികൾക്കു” ഒരു വലിയ മാതൃകയാണ്.

- ഈ മാതൃക പിൻതുടരുന്നതിൽ ഒരു വിധത്തിൽ പറഞ്ഞാൽ “ജാതിയിൽ നിന്നു

fleettech@gmail.com

www.gospelinmalayalam.com

വിശ്വാസത്തിലേക്കു വന്നവർ പരാജയപ്പെട്ടു. ഉദാ: ഇൻഡ്യ. ഒന്നാം നൂറ്റാണ്ടിൽ, വാഹനമില്ലാത്ത കാലത്ത്, കപ്പലുകൾ തീരെ വിരളമായിരുന്ന കാലത്ത് - ദൈവം തമ്പുരാൻ ഒരു അപ്പൊസ്തലനെ ഇൻഡ്യയിലെത്തിച്ചു. സുവിശേഷം അറിയിച്ചതാണ്. നാം എത്ര കണ്ടു വളർന്നു - നാം ഒരു ചെറിയ കൂട്ടമായി മാത്രം അവശേഷിച്ചു.

പൗലൂസ് യഹൂദ ജാതിക്കുവേണ്ടി കാണിച്ച ഈ തീഷ്ണത, ജാതിയിൽ നിന്നു വിശ്വസിച്ചവർ ജാതിയോട് കാണിച്ചില്ല. ഞാൻ രക്ഷപ്പെട്ടല്ലോ - അതു മതി. ഈ Attitude ആണ് ഇന്നത്തെ ക്രിസ്ത്യാനികളിലുള്ളത് - രക്ഷിക്കപ്പെടാത്തവരെപ്പറ്റിയുള്ള "Concern" നമുക്കിന്നില്ല.

Rom 11:13 ജാതികളുടെ അപ്പൊസ്ഥലൻ - Appostle for the Gentiles

Rom 1:2 *തന്റെ പ്രവാചകൻമാർ മുഖാന്തരം മുമ്പുകൂട്ടി വാഗ്ദത്തം ചെയ്ത സുവിശേഷത്തിനായി വേർതിരിച്ചു വിളിക്കപ്പെട്ട അപ്പോസ്തലനും യേശുക്രിസ്തുവിന്റെ ദാസനുമായ പൌലൊസ്* - വേറുതിരിച്ചു വിളിക്കപ്പെട്ട അപ്പൊസ്ഥലൻ

Act 9:15,16 *കർത്താവ് അവരോട് നീ പോക; അവൻ എന്റെ നാമം ജാതികൾക്കും രാജാക്കൻമാർക്കും യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നോരു പാത്രമാകുന്നു.*

Rom 1:6 *ഞങ്ങൾ അവന്റെ നാമത്തിനായി സകലജാതികളുടെയും ഇടയിൽ വിശ്വാസത്തിനു അനുസരണം വരുത്തേണ്ടതിനു കൃപയും അപ്പോസ്തലത്വവും പ്രാപിച്ചത്.* - സകലർക്കും അപ്പസ്ഥലൻ മാത്രമല്ല " ജാതികളുടെ അപ്പസ്ഥലൻ".

തന്റെ Conversion ശേഷം അപ്പൊ. പൗലൂസ് അറേബ്യായിലും ദമസ്കോസിലും നിന്നു മടങ്ങി യരുശലേമിലെ സന്ദർശനസമയത്തുണ്ടായ പ്രത്യേക ദർശനത്തിൽക്കൂടെയാണ് "ജാതികളുടെ അപ്പൊസ്തലൻ" ആയി നിയമിച്ചത്.

Acts22:17-21 *പിന്നെ ഞാൻ യരുശലേമിൽ മടങ്ങിചെന്നു ദൈവാലയത്തിൽ പ്രാർത്ഥിക്കുന്നേരം ഒരു വിവശതയിലായി അവനെ കണ്ടു: നീ ബദ്ധപ്പെട്ടു വേഗം യരുശലേം വിട്ടു പോക; നീ എന്നെക്കുറിച്ച് പറയുന്ന സാക്ഷ്യം അവർ കൈക്കൊള്ളയില്ല എന്നു എന്നോടു കൽപിച്ചു. അതിനു ഞാൻ കർത്താവെ, നിന്നിൽ വിശ്വസിക്കുന്നവരെ ഞാൻ തടവിലാക്കുകയും പള്ളിതോറും അടിപ്പിക്കയും ചെയ്ത എന്നും നിന്റെ സാക്ഷിയായ സ്തെഫാനോസിന്റെ രക്തം ചൊരിഞ്ഞപ്പോൾ ഞനും സമ്മതിച്ചു അരികെ നിന്നു അവനെ കൊല്ലുന്നവരുടെ വസ്ത്രം കാത്തുകൊണ്ടിരുന്നു എന്നും അവർ അറിയുന്നുവല്ലോ എന്നു പറഞ്ഞു. അവൻ എന്നോടു നീ പോക; ഞാൻ നിന്നെ ദൂരത്തു ജാതികളുടെ അടുക്കലേക്കു അയയ്ക്കും എന്നു കൽപ്പിച്ചു.*

Acts 16:17 *അവൾ പൗലൂസിന്റെയും ഞങ്ങളുടെയും പിന്നാലെ വന്നു: ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസൻമാർ, രക്ഷാമാർഗ്ഗം നിങ്ങളോടു അറിയിക്കുന്നവർ എന്നു വിളിച്ചു പറഞ്ഞു.*

Rom11:13 *എന്നാൽ ജാതികളായ നിങ്ങളോടു ഞാൻ പറയുന്നതു: ജാതികളുടെ അപ്പോസ്തലനായിരിക്കയാൽ ഞാൻ എന്റെ സ്വജാതിക്കാർക്കു വല്ലവിധേനയും സ്പർദ്ധ ജനിപ്പിച്ചു.*

Gal 2:7-9 *നേരെ മറിച്ചു പരിഛേദനയുടെ അപ്പോസ്തലത്വത്തിനായി പത്രോസിനോടുകൂടെ വ്യാപരിച്ചവൻ ജാതികൾക്കായി എന്നോടുകൂടെയും വ്യാപരിച്ചതുകൊണ്ട് പത്രോസിന് പരിഛേദനക്കാരുടെ ഇടയിലെ സുവിശേഷഘോഷണം എന്ന പോലെ എനിക്ക് അഗ്രചർമ്മക്കാരുടെ ഇടയിലെ സുവിശേഷഘോഷണം ഭാരമേൽപ്പിച്ചിരിക്കുന്നു എന്നു കണ്ട് എനിക്കു ലഭിച്ച കൃപ അറിഞ്ഞും കൊണ്ടു തൂണുകളായി എണ്ണപ്പെട്ടിരിക്കുന്ന യാക്കോബും കേഫാവും യോഹന്നാനും ഞങ്ങൾ ജാതികളുടെ ഇടയിലും അവർ പരിഛേദനക്കാരുടെ ഇടയിലും സുവിശേഷം അറിയിപ്പാൻ തക്കവണ്ണം എനിക്കും ബർണ്ണബാസിനും കൂട്ടായ്മയുടെ വലംകൈ തന്നു.*

Eph 3:7-9 മറ്റ് അപ്പൊസ്തലന്മാർ ജാതികളോട് സുവിശേഷം പറയാഞ്ഞിട്ടല്ല - അതുപോലെ തന്നെ പൗലൂസ് യഹൂദനോട് സുവിശേഷം പറയാഞ്ഞിട്ടുമല്ല ഈ "ജാതികളുടെ അപ്പൊസ്തലൻ" എന്നുള്ള പേരിന് അർഹനായത് പിന്നെയോ, ജാതികളോട് സുവിശേഷം അറിയിപ്പാൻ താൻ പ്രത്യേകമായി നിയോഗിക്കപ്പെട്ടതുകൊണ്ടാണ്.

Rom 11:14 ജാതികളിൽ സുവിശേഷം വരുത്തിയ മാറ്റം, മാനസാന്തരത്തിന്റെ അനുഭവം കണ്ടെങ്കിലും യഹൂദനു സ്പർദ്ധ ഉണ്ടായി. എങ്ങനെയെങ്കിലും അവരിൽ ചിലരെ നേടേണ്ടതിനായി

fleettech@gmail.com

www.gospelinmalayalam.com

അപ്പൊ..പൗലൂസ് മനസ്സുകൊണ്ട് ആഗ്രഹിക്കയാണ് ചെയ്യുന്നത്. മാത്രമല്ല അതിൽ അഭിമാനം കൊള്ളുന്നു എന്ന് അപ്പൊ. പൗലൂസ് പറയുന്നു. തന്റെ സ്വജാതിക്കാരെ നേടുവാനായി പൗലൂസ് ആ ജാതിക്കാരോടു കാണിക്കുന്ന സ്നേഹവും അനുകമ്പയും ഹൃദയപൂർവ്വം അതിനായുള്ള പ്രാർത്ഥനയും ഇന്നു നാം ഓരോരുത്തരോടുമുള്ള ദൂതാണ്. പൗലൂസ് വലിയൊരു "മാതൃക" കാണിച്ചുതരികയാണ് ചെയ്തത്.

Rom 11:15 അവരുടെ ഭ്രംശം- ലോകത്തിന്റെ നിരപ്പിനു ഹേതുവായി.

12-ാം വാക്യത്തിൽ നാം കണ്ടു - അവരുടെ നിരസനം ലോകത്തിനു ധനം ആയി. അവരുടെ നഷ്ടം ജാതികൾക്കു സമ്പത്തു വരുവാൻ കാരണമായി. എങ്കിൽ അവരുടെ യഥാസ്ഥാനം ലോകത്തിന് എത്രയധികം അനുഗ്രഹത്തെ നൽകും.

ഇതേ ആശയം തന്നെയാണിവടെയും കാണുന്നത് - അവരുടെ ഭ്രംശം ലോകത്തിന്റ നിരപ്പിനു ഹേതുവായി.

-കഴിഞ്ഞ 20 നൂറ്റാണ്ടുകൾക്കിടയ്ക്ക് എത്രയോ ജാതികൾ ഭൂമിയിൽ നിന്നും മാറ്റപ്പെട്ടു.

അനേകജാതികളുടെ പേര് ഭൂമുഖത്തു നിന്നും നിർമ്മാർജനം ചെയ്യപ്പെട്ടു. അവരെ ഇന്നാരും തന്നെ ഓർക്കുന്നില്ല. അങ്ങനെ എന്തെങ്കിലും ഒരു ജാതിയുടെ Restoration നെപ്പറ്റി ലോകത്തിൽ ആരും പറഞ്ഞു കേൾക്കുന്നു പോലുമില്ല. എന്നാൽ യിസ്രായേൽ ജാതിയുടെ ചരിത്രം വ്യത്യസ്ഥമാണ്.

- അബ്രഹാമിന്റെ സന്തതിയിലൂടെ മനുഷ്യവർഗ്ഗത്തെ അനുഗ്രഹിക്കാൻ പിതാവായ ദൈവം തീരുമാനിച്ചു.

Gen 28:14 *നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.*

ദൈവത്തിന്റെ ഈ അരുളപ്പാടിനു മാറ്റമില്ല. അതു നടന്നേ തീരൂ എന്നാൽ കാലാകാലങ്ങളിൽ ഒരു ജാതി എന്ന നിലയിൽ അവർക്ക് "ഭ്രംശം" ഉണ്ടായിട്ടുണ്ട്. പ്രധാനമായി 3 ഭ്രംശങ്ങളെപ്പറ്റി നാം ചരിത്രത്തിൽ കാണുന്നു.

1. യാക്കോബിന്റെ മക്കൾ കനാനിൽ നിന്ന് അടിമത്വത്തിലേക്കു പോയി. 400 വർഷത്തെ "ഭ്രംശം" - അതിനുശേഷം ശക്തിയേറിയ ഒരു വലിയ ജാതിയായി അവർ ദൈവശക്തിയാൽ മടങ്ങി വന്ന് വീണ്ടും"കനാനെ" കൈവശമാക്കുന്നു.
2. യിസ്രായേൽ ജനം അടിമകളായി ബാബലിലേക്കു പോകുന്നു. ബാബിലോണ്യ രാജത്വം അവരെ 70 വർഷത്തെ പ്രവാസത്തിലേക്കു കൊണ്ടു പോയി. എന്നാൽ സ്വർഗ്ഗത്തിലെ ദൈവം 70 വർഷത്തിനുശേഷം പേർഷ്യൻ ചക്രവർത്തിയിലൂടെ അവരെ മടക്കി വരുത്തി. വീണ്ടും അവർ കനാനിൽ പാർക്കുന്നു.
3. ദൈവപുത്രനെ തള്ളിക്കളഞ്ഞതിനാൽ അവരുടെ ഭ്രംശം യരുശലേമിൽ നിന്നും ഉണ്ടായി. (Luke 21,24) AD 70- ൽ അതു സംഭവിച്ചു. എന്നാൽ കർത്താവിന്റെ വാക്കനുസരച്ചു (Luke 21,24) അനേക നൂറ്റാണ്ടുകൾക്കു ശേഷം അവർ ജാതിയായി രാഷ്ട്രമായിത്തന്നെ മടങ്ങി വന്നു.

ഇതു ലോകത്തിലെ വലിയ അത്ഭുതങ്ങളിലൊന്നാണ്. ഒരു ജാതി ചിന്നഭിന്നമായി ഭൂമിയുടെ അറ്റങ്ങളിൽ ചിതറിപ്പോയതിനുശേഷം 19 നൂറ്റാണ്ടുകൾക്കു ശേഷം ഒരു "powerful soverign nation " ആയി അതേ സ്ഥാനത്തു തന്നെ മടങ്ങി വരിക-ഇത് 20-ാം നൂറ്റാണ്ടിലെ അത്ഭുതങ്ങളിലൊന്നാണ്.

1st world war - Gen.Allenby - from Turks 1917- തുർക്കികളുടെ കൈയിൽ നിന്നും യരുശലേം സ്വതന്ത്രമാക്കി.

Isa 31:5 *പക്ഷി ചുറ്റിപ്പറന്ന് കാക്കുന്നതുപോലെ സൈന്യങ്ങളുടെ യഹോവ യെരുശലേമിനെ കാത്തുകൊള്ളും. അവൻ അതിനെ കാത്തു രക്ഷിക്കും. നശിപ്പിക്കാതെ അതിനെ പരിപാലിക്കും.*

2nd world war - Hitlers persecution..... Concentration...അതിന്റെ അനന്തര ഫലം=
1948 May 14 - A new Nation was born - ISRAEL

ഈ യഹൂദനാകുന്ന അത്തിവൃക്ഷം കർത്താവിന്റെ വചനം പോലെ തളിർത്തു. ഈ അത്തിയുടെ

fleettech@gmail.com

www.gospelinmalayalam.com

തളിർപ്പ്, യഹൂദാ ജാതിയുടെ മേൽ ദൈവത്തിനുള്ള ഭാവി പരിപാടി നിറവേറാൻ കാലമായി എന്നു വിളിച്ചറിയിക്കുന്നു. അവർ "കർത്താവിനെ" അംഗീകരിക്കാനുള്ള കാലം ആസന്നമായിരിക്കുന്നു.-ഇങ്ങനെ സംഭവിച്ചാൽ അതൊരു അത്ഭുതമാണ്. അല്ലേ- അതിലുമുപരി വലിയൊരു അത്ഭുതം നടപ്പാനായി ലോകം കാത്തിരിക്കുന്നു.

മനുഷ്യപുത്രന്മാരുടെ വെളിപാട്-മരിച്ചവരുടെ പുനരുദ്ധാനം

- അവർ ജാതിയായി കുത്തിയവങ്കലേക്കു നോക്കുകയും, മശിഹായെ അംഗീകരിക്കുകയും ചെയ്യുന്ന നാളിനു മുമ്പേ തന്നെ സഭയുടെ Rapture (ഉൽപ്രാപണം) നടക്കും.

Zech 12:10 *ഞാൻ ദാവീദ് ഗൃഹത്തിൻമേലും യെരുശലേം നിവാസികളുടെ മേലും കൃപയുടെയും യാചനകളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തിയിട്ടുള്ളവങ്കലേക്കു അവർ നോക്കും; ഏകജാതനെക്കുറിച്ച് വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ച് വ്യസനിക്കും.*

John 14:2,3 *എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്; ഇല്ലെങ്കിൽ ഞാൻ നിങ്ങളോട് പറയുമായിരുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു.*

Heb 9:28 *അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും.*

1John 3:2,3 *അവൻ രാത്രിയിൽ അവന്റെ അടുക്കൽ വന്നു അവനോടു: റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം തന്നോടുകൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്‌വാൻ ആർക്കും കഴികയില്ല എന്നു പറഞ്ഞു.*

1Thes4:16-18 *കർത്താവു തൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളനാദത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചുകൊൾവിൻ.*

Col 3:4 *നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.*

Rom 11:16 ആദ്യഫലം

1Cor 15:20 *എന്നാൽ ക്രസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തിരിക്കുന്നു.*

1Cor15:23 *ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം;*

യിസ്രായേലിന്റെ നിരസനം temporary ആണെന്ന് അപ്പൊ. പൗലൂസ് പറയുകയാണ്. ഇവിടെ ഉപയോഗിക്കുന്ന സാദൃശ്യം -

Nu15:18-21 *യിസ്രായേൽ മക്കളോട് പറയേണ്ടതെന്തെന്നാൽ: ഞാൻ നിങ്ങളെക്കൊണ്ട് പോകുന്ന ദേശത്തു നിങ്ങൾ എത്തിയശേഷം ദേശത്തിലെ ആഹാരം ഭക്ഷിക്കുമ്പോൾ നിങ്ങൾ യഹോവയ്ക്കു ഉദാർച്ചാർപ്പണം കഴിക്കണം. ആദ്യത്തെ തരിമാവുകൊണ്ടുള്ള ഒരു വട ഉദാർച്ചാർപ്പണമായി കഴിക്കേണം; മെതിക്കളത്തിന്റെ ഉദാർച്ചാർപ്പണംപോലെതന്നെ അതു ഉദർച്ച ചെയ്യേണം. ഇങ്ങനെ നിങ്ങൾ തലമുറതലമുറയായി ആദ്യത്തെ തരിമാവുകൊണ്ടു യഹോവയ്ക്കു ഉദർച്ചാർപ്പണം കഴിക്കേണം.*

മെതിക്കളത്തിൽ നിന്നും വരുന്ന ധാന്യം കൊണ്ട് ഉണ്ടാക്കുന്ന വടകളിൽ ആദ്യത്തെ ഒരെണ്ണം ദൈവത്തിനായി വേർ തിരിക്കണമായിരുന്നു. പ്രതിഷ്ഠിക്കപ്പെട്ട ഒരെണ്ണം- മറ്റെല്ലാറ്റിനെയും വിശുദ്ധീകരിക്കുന്നു.

- ഇവിടെ ആദ്യഭാഗം എന്ത് - Abraham-Issac-Jacob ഗോത്ര പിതാക്കന്മാർ അബ്രഹാം വിശുദ്ധീകരിക്കപ്പെട്ടുവെങ്കിൽ - അബ്രഹാമിന്റെ സന്തതിയേയും ദൈവം വിശുദ്ധീകരിച്ചിരിക്കുന്നു. ആദ്യഭാഗം വിശുദ്ധമെങ്കിൽ പിണ്ഡം മുഴുവനും അങ്ങനെ തന്നെ.

fleettech@gmail.com

www.gospelinmalayalam.com

- ഇവിടെ വേറൊരു സാദൃശ്യം കൂടെ ഉപയോഗിക്കുന്നു - വേർ വിശുദ്ധമെങ്കിൽ കൊമ്പുകളും അങ്ങനെ തന്നെ.

അബ്രഹാമായിരിക്കുന്ന വേർ വിശുദ്ധമെങ്കിൽ- കൊമ്പുകളും വിശുദ്ധീകരിക്കപ്പെടാനായി ദൈവം വേർതിരിച്ചിരിക്കുന്നു. അന്തിമമായി യഹൂദാജാതി മുഴുവനും തന്നെ കർത്താവിങ്കേക്കു വരും എന്നുള്ള വസ്തുത അപ്പൊ. പൗലൂസ് വ്യക്തമായി കാണിക്കയാണ് ചെയ്യുന്നത്.

Rom 11:17 Rom 11:17-21 ഒലിവു മരത്തിന്റെ സാദൃശ്യം (Rom 11:17-21 *കൊമ്പുകളിൽ ചിലതു ഒടിച്ചിട്ടു കാട്ടൊലിവായ നിന്നെ അവയുടെ ഇടയിൽ ഒട്ടിച്ചുചേർത്തു ഒലിവുമരത്തിന്റെ ഫലപ്രദമായ വേരിനു പങ്കാളിയായിതീർന്നു എങ്കിലോ, കൊമ്പുകളുടെ നേരെ പ്രശംസിക്കരുത്; പ്രശംസിക്കുന്നുവെങ്കിൽ നീ വേരിനെ അല്ല വേർ നിന്നെയത്രെ ചുമക്കുന്നു എന്നു ഓർക്ക. എന്നാൽ എന്നെ ഒട്ടിക്കേണ്ടതിനു കൊമ്പുകളെ ഒടിച്ചുകളഞ്ഞു എന്നു നീ പറയും. ശരി; അവിശ്വാസത്താൽ അവ ഒടിഞ്ഞുപോയി; വിശ്വാസത്താൽ നീ നിൽക്കുന്നു; ഞെളിയാതെ നീ ഭയപ്പെടുക. സ്വാഭാവിക കൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ നിന്നെയും ആദരിക്കാതെ വന്നേക്കും.*

പലപ്പോഴും ഫലപ്രദമായ ഒരു ഒലിവുവൃക്ഷമായി യിസ്രായേലിനെ ചിത്രീകരിച്ചിട്ടുണ്ട്.

Jer 11:16 *അപ്പോൾ യഹോവ എന്നോടു അരുളിച്ചെയ്തതു: നീ യഹൂദാ പട്ടണങ്ങളിലും യെരുശലേമിന്റെ വീഥികളിലും ഈ വചനങ്ങളെ ഒക്കെയും വിളിച്ചു പറക: ഈ നിയമത്തിന്റെ വചനങ്ങളെ കേട്ടുകൊൾവിൻ.*

Hosea 14:6 *അവന്റെ കൊമ്പുകൾ പടരും; അവന്റെ ഭംഗി ഒലുവുവൃക്ഷത്തിൻ ഭംഗിപോലെയും അവന്റെ വാസന ലെബാനോന്റേതുപോലെയും ഇരിക്കും.*

മെടിറ്ററേനിയൻ മേഖലകളിൽ ഏറ്റവും ശ്രേഷ്ഠമായ വൃക്ഷം ഒലിവു വൃക്ഷമാണ്. നമ്മുടെ നാട്ടിൽ തെങ്ങ് അല്ലെങ്കിൽ -Rubber പോലെ Labanon ലും Italy യിലും Spain ലും ഒക്കെ ഒലിവു തോട്ടങ്ങളുണ്ട്. Olive ഉം Grapes ഉം ആണ് ഈ Mediterranean മേഖലകളിലെ ഏറ്റവും ശ്രേഷ്ഠമായ കൃഷി. യിസ്രായേലിനെ ഒരു ഒലിവു വൃക്ഷമായി ഇവിടെ ചിത്രീകരിക്കുകയാണ്

- ഇവിടെ പറയുന്നത്.

യിസ്രായേൽ ദൈവീകതോട്ടത്തിൽ നട്ടപ്പെട്ട ഒലിവു വൃക്ഷമാണ്. ദൈവമാണതിനെ നട്ടതും നനച്ചതും. ഫലം കായ്ക്കാതിരുന്നുകൊണ്ട് അതിൽ ചില കൊമ്പുകളെ തോട്ടക്കാരൻ ഒടിച്ചുകളഞ്ഞു. അവരുടെമേൽ സ്ഥിരമായി കരുതലുണ്ടായിരുന്നിട്ടും ഇപ്രകാരം സംഭവിച്ചത് വളരെ അസാധാരണമായി തോന്നാം. ഇങ്ങനെ സംഭവിക്കാൻ പാടില്ലായിരുന്നു. പക്ഷെ സംഭവിച്ചു. It is really very strange to happen like this.

എന്നാൽ അതിലും വലിയ അത്ഭുതമാണ് - അപ്പൊ. പൗലൂസ് ഇവിടെ പറയുന്നത്. ആ ഒടിഞ്ഞകൊമ്പുകളുടെ സ്ഥാനത്ത് കാട്ടിലെ ഒലിവിന്റെ കൊമ്പുകളെ കൊണ്ടു വന്ന് അതിനോട് ഒട്ടിച്ചു ചേർത്തു.

-Horticulture നിയമമനുസരിച്ച് പൗലൂസിന്റെ ചിത്രീകരണം അസാധാരണമാണ്.-റബറു 'Budd' ചെയ്യുന്നവർക്കറിയാം 'നല്ല കൊമ്പിനെ" കൊണ്ടു വന്ന് അതിനെ മറ്റ് മരത്തിൽ ഒട്ടിക്കയാണ് ചെയ്യുന്നതെന്ന്.

-ഇവിടെ പ്രകൃതി നിയമമനുസരിച്ച് "നല്ല ഒലിവിനെ' കാട്ടൊലിവിന്റെ തടിയിലേക്ക് ഒട്ടിക്കുകയാണ് വേണ്ടിയിരുന്നത്. എങ്കിൽ മാത്രമേ നല്ല ഒലിവു ഫലം ലഭിക്കുകയുള്ളൂ.

-എന്നാൽ പൗലൂസ് വ്യക്തമാക്കുന്ന വിഷയം ഇതാണ് - ജാതിയിൽ നിന്നു ചേർക്കപ്പെട്ട വിശ്വാസികളെ നിങ്ങൾക്കു പ്രശംസിക്കാനൊന്നും തന്നെയില്ല - നിങ്ങൾ വെറും കാട്ടൊലിവായിരുന്നു അബ്രഹാം എന്നുപേരുള്ള ഫലപ്രദമായ മരത്തിൽ നിന്നെയും ഒട്ടിച്ചു ചേർപ്പാൻ ദൈവത്തിനു പ്രസാദമായി. പ്രകൃതി നിയമങ്ങളെപ്പോലും ദൈവം ഈ കാര്യത്തിൽ മറികടക്കുന്നു.- ഇതാണു " ദൈവകൃപ വ്യാപാരം - പ്രകൃത്യാധിതമായ ദൈവകൃപയുടെ ശ്രേഷ്ഠത - ദൈവകൃപയുടെ പ്രത്യക്ഷമായ പ്രദർശനം എപ്പോഴും സ്വാഭാവികമായതിന് എതിരാണ്. ഇതു സ്വഭാവത്തിനു വിരുദ്ധമാണ്.

Rom 11:24 -ാം വാക്യത്തിൽ St .Paul ഇതു വ്യക്തമാക്കുന്നുണ്ട്. (Rom 11:24 *സ്വഭാവത്താൽ കാട്ടുമരമായതിൽ നിന്നു നിന്നെ മുറിച്ചെടുത്തു സ്വഭാവത്തിനു വിരോധമായി നല്ല ഒലിവുമരത്തിൽ*

fleettech@gmail.com

*ഒട്ടിച്ചു എങ്കിൽ, സ്വഭാവിക കൊമ്പുകളായവരെ സ്വന്തമായ ഒലിവുമരത്തിൽ എത്ര അധിക മായി ഒട്ടിക്കും)*

Rom 11:18 ആകയാൽ പ്രശംസിപ്പാനെന്തെങ്കിലും ജാതികളിൽ നിന്നുവന്ന വിശ്വാസികൾക്കുണ്ടോ? അവർ ഒന്നും സംഭാവന ചെയ്തില്ല. എല്ലാം സ്വീകരിച്ചതേയുള്ളൂ We only received.

John 4:22 രക്ഷ യഹൂദന്മാരുടെ ഇടയിൽ നിന്നല്ലേ വരുന്നത്. ജാതികളോട് St .Paulന് പറയാനുള്ളത് You are indebted to Israel- നാട്ടൊലിവായ മരത്തിന്റെ വേർ അതിന്റെ Nourishment ന്റെ Source ആണ്. Abraham is the father of all who are justified by faith. ജാതിയിൽനിന്നുമുള്ള വിശ്വാസികൾ ഈ Root നോട് കടപ്പെട്ടിരിക്കുന്നു They owe their salvation to him.

Rom 11:19 ഈ പ്രസ്താവനയിൽ അല്പം അഹന്ത പ്രതിഫലിക്കുന്നു - ഒടിഞ്ഞു പോയ കൊമ്പുകളെപ്പറ്റിയുള്ള അവജ്ഞ - ഈ ആത്മീക മാർഗ്ഗത്തിൽ ചുരുക്കമായിട്ടെങ്കിലും നമുക്കിത് കാണാം. "Spiritual pride" ചിലരോടു സംസാരിച്ചാൽ അതു വളരെ Evident ആണ്. ഞാനെന്തൊക്കെയോ ആയിരിക്കുന്നു. This is a great danger in spiritual life. We must become more humble or we become nearer to our Lord -ദൈവകൃപയിലും ആത്മീക ജീവിതത്തിലും മുന്നേറുന്ന ഒരു വ്യക്തി "താഴ്മയിലും വിനയത്തിലും" തങ്ങളെത്തന്നെ അലങ്കരിക്കണം.

-നാമോരുത്തരും ഇനി വളരെയധികം വളരാനുണ്ടല്ലോ എന്നുള്ള ചിന്ത നമ്മെ ഭരിക്കട്ടെ St. Peter നമുക്കൊരു Example ആണ്. ക്രൂശിക്കപ്പെടുമ്പോഴും അയ്യോ കർത്താവിനെ ക്രൂശിച്ച പോലെ ക്രൂശിക്കപ്പെടുവാൻ ഞാൻ അർഹനല്ല - എന്നെ തലകീഴായി ക്രൂശിക്കണമെന്നു പറയാൻ പത്രോസിനു കഴിഞ്ഞു.

"Spiritual pride". ദുഷ്ടന്റെ പ്രവർത്തനമാണ്. നാം വെറും "പൊടി" - നാം ദൈവസന്നിധിയിൽ എത്രയോ ചെറിയവർ എന്ന ചിന്ത നമ്മെ ഓരോരുത്തരേയും ഭരിക്കട്ടെ.

19-ാം വാക്യത്തിൽ അപ്പൊ. പൗലൂസ് ചോദിക്കുകയാണ് "എന്നെ ഒട്ടിക്കേണ്ടതിനു കൊമ്പുകളെ ഒടിച്ചു കളഞ്ഞു എന്നു നീ പറയും".

- ശരി. എന്നാൽ അവ ഒടിഞ്ഞതിന്റെ കാരണം - ദൈവം അവയെ മനപൂർവ്വം ഒടിച്ചതല്ല- പിന്നെയോ അവ "അവിശ്വാസത്താൽ" ഒടിഞ്ഞുപോയതാണ്. നീ ഇന്നു നിൽക്കുന്നതു വിശ്വാസത്താൽ.

- ഞെളിയാതെ ഭയപ്പെടുക.

Do not be arrogant . Do not the proud. Do not think high
But be afraid have a proper fear of God

- രണ്ടു പ്രധാന വിഷയങ്ങൾ അപ്പൊ. പൗലൂസ് ഈ വാക്യത്തിൽ നമ്മെ ഓർപ്പിക്കുന്നു.

1. Faith വിശ്വാസം 2. Fear God ഭയപ്പെടുക

| | |
|---|---|
| Eph 2:8 | വിശ്വാസത്താൽ രക്ഷിക്കപ്പെടുന്നു. |
| Acts 26: 18, 15:9 | വിശ്വാസത്താൻ ശുദ്ധീകരിക്കപ്പെടുന്നു. |
| Gal 2: 20 | വിശ്വാസത്താൽ ജീവിക്കുന്നു. |
| Rom 11:20 | വിശ്വാസത്താൽ നിൽക്കുന്നു. |
| 2 Cor 5:7 | വിശ്വാസത്താൽ നടക്കുന്നു. |
| 2.1 Cor 2:3 | ബലഹീനതയോടും ഭയത്തോടും |
| Phil 2:12 | ഭയത്തോടും വിറയലോടും കൂടെ |
| Eph 6:5 | ഭയത്തോടും വിറയലോടും കൂടെ |
| 1 Pet 1:17 | ഭയത്തോടെ |
| 1 Cor 10:12 | വീഴാതിരിപ്പാൻ |

Rom 11:21 യിസ്രായേലെന്ന കൊമ്പിനെ ദൈവം ഒടിച്ചു കളഞ്ഞു - അവരുടെ അവിശ്വാസം ഹേതുവാൻ ദൈവത്തിന് അപ്രകാരം ചെയ്യേണ്ടി വന്നു. - എങ്കിൽ ഇതൊരു warning ആയി നാം കാണണം. - ദൈവത്തിനു മുഖപക്ഷമില്ല. - ദൈവം നീതിയോടു പ്രവർത്തിക്കുന്നവനാണ്. - തലമുറകളായി വേറു തിരിച്ചു വിളിച്ചു നൂറ്റാണ്ടുകളായി ദൈവം സ്വന്ത ഭുജബലത്താൻ പരിരക്ഷിച്ച യിസ്രായേലിനെ - അതായത് സ്വാഭാവിക കൊമ്പുകളെ ദൈവം - ഒടിച്ചു കളഞ്ഞുവെങ്കിൽ - നമ്മുടെ സ്ഥിതി എന്ത്? ആകയാൽ നാമും ശ്രദ്ധയോടെയിരിക്കണം നമ്മെയും ദൈവം ആദരിക്കാതെ വന്നേക്കാം. കൃപയിൽ നാം നിലനിൽക്കേണ്ടത് വളരെയധികം ആവശ്യം"

Rom 11:22 ദൈവത്തിന്റെ ദയയും ഖണ്ഡിതവും -

www.gospelinmalayalam.com
fleettech@gmail.com

ദൈവത്തിന്റെ പരമാധികാരം എന്ന വിഷയം അപ്പൊ. പൗലൂസ് ഇവിടെ summarise ചെയ്യുകയാണ്. താൽക്കാലികമായി - യിസ്രായേലിനെ മാറ്റി നിർത്തിയിട്ട്. വിശ്വാസത്താലുള്ള രക്ഷ സകലജാതിക്കുമായി ദൈവം വാഗ്ദാനം ചെയ്യുന്നു.-ദൈവത്തിന്റെ "ദയ" God's Kindness or benevelence in action നമുക്കിവിടെ കാണാം.

Eph 2:4 *കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം.*

Eph 2:7 *ക്രിസ്തുവേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേൽപ്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു.*

Titus3:4 *എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ...*

എന്നാൽ യിസ്രായേലിനെ സംബന്ധിച്ചിടത്തോളം "sternness of God"

2Cor 13:10 *അതുനിമിത്തം ഞാൻ വന്നെത്തിയാൽ ഇടിച്ചുകളവാനല്ല പണിവാനത്രെ കർത്താവു തന്ന അധികാരത്തിനു തക്കവണ്ണം ഖണ്ഡിതം പ്രയോഗിക്കാതിരിക്കേണ്ടതിനു ദൂരത്തു നിന്നു ഇതു എഴുതുന്നു.*

തടങ്കൽ പാറയിൽ തട്ടി വീണ യഹൂദനെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ ഖണ്ഡിതം നമുക്കു കാണാം.

ഇതു ജാതികൾക്കു മുള്ള ഒരു warning ആണ്. നാമും കൃപയിൽ നിലനിൽക്കണം.
- അല്ലെങ്കിൽ യഹൂദനു സംഭവിച്ചത് നിനക്കും സംഭവിച്ചേക്കും.

Rom 11:23 അവിശ്വാസത്തിൽ നിലനിൽക്കാഞ്ഞാൽ അവരെ വീണ്ടും ഒട്ടിക്കാൻ ദൈവത്തിനു കഴിയും.
What prevent Israel now in their lack of faith. Their unbelief

ഒരു ജാതി എന്ന നിലയിൽ "അവിശ്വാസത്തിന്റെ മൂടുപടത്തെ" പൂർണ്ണമായി ദൈവം എടുത്തു മാറ്റുന്ന ഒരു ദിവസം വരുന്നുണ്ട്.

എന്നാൽ അതുവരെ കാത്തിരിക്കാതെ തന്നെ, വിശ്വസിക്കുന്ന എത് യഹൂദനും ഈ വിശിഷ്ഠമായ ഒലിവു മരത്തോട് ദൈവം ഒട്ടിച്ചുച്ചേർത്തുകൊണ്ടിരിക്കുന്നു.

Rom 11:24 സ്വഭാവത്തിനു വിരുദ്ധമായി, അല്ലെങ്കിൽ പ്രകൃതി നിയമത്തിനു വിരുദ്ധമായി പ്രവൃത്തിക്കുന്നതാണ് കൂടുതൽ difficult. എന്നാൽ ആ സ്വാഭാവിക കൊമ്പായിരുന്നു യഹൂദൻ, വിശ്വസിച്ചാൽ അവരെ വീണ്ടും ആ നല്ല ഒലിവിനോടു ചേർത്തൊട്ടിക്കുന്നത് ദൈവത്തെ സംബന്ധിച്ചിടത്തോളം വളരെ എളുപ്പമുള്ള സംഗതിയാണ്.

## Promise of Israel's Restoration (25-32)

യിസ്രായേലിനെ വേദപുസ്തകത്തിൽ എന്തിനോടെല്ലാം ഉപമിച്ചിരിക്കുന്നു?

മുന്തിരി-അത്തി-ഒലിവ്- യിസ്രായേലിന്റെ ഭൂത-വർത്തമാന-ഭാവികാലത്തെ ഇത് യഥാക്രമം വിസ്തരിക്കുന്നു.

ഇസ്രായേൽ പലസ്തീനിലേക്കു കൊണ്ടു വന്നു നട്ട ഒരു മുന്തിരി വള്ളിയായിരുന്നു.

Ps 80 8-16 *അതിനെ തീവെച്ചു ചുടുകയും വെട്ടികളയുകയും ചെയ്തിരിക്കുന്നു; നിന്റെ മുഖത്തിന്റെ ഭർത്സനത്താൽ അവർ നശിച്ചു പോകുന്നു.*

കാട്ടു മുന്തിരിങ്ങ കായ്ചതിനാൽ അതിന്റെ വേലി പൊളിച്ച് മതിൽ ഇടിച്ചു കളഞ്ഞു Isa 5:5 (Addl Ref: Isa 5:1-5 *ഞാൻ എന്റെ പ്രിയതമനു അവന്റെ മുന്തിരിത്തോട്ടത്തെക്കുറിച്ചു എന്റെ പ്രിയന്റെ പാട്ടു പാടും; എന്റെ പ്രിയതമനു ഏറ്റവും ഫലവത്തായൊരു കുന്നിന്മേൽ ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. അവൻ അതിനു വേലികെട്ടി, അതിലെ കല്ലു പെറുക്കികളഞ്ഞു, അതിൽ നല്ലവക മുന്തിരി വള്ളി നട്ടു, നടുവിൽ ഒരു ഗോപുരം പണിതു, ഒരു ചക്കും ഇട്ടു, മുന്തിരിങ്ങ കായ്ക്കും എന്നു അവൻ കാത്തിരുന്നു; കായ്ച്ചതോ കാട്ടുമുന്തിരിങ്ങയത്രെ. ആകയാൽ യെരുശലേം നിവാസികളും യെഹൂദാ പുരുഷന്മാരും ആയുള്ളോരേ, എനിക്കും എന്റെ മുന്തിരിത്തോട്ടത്തിനു മദ്ധ്യേ വിധിപ്പിൻ. ഞാൻ എന്റെ മുന്തിരിത്തോട്ടത്തിൽ ചെയ്തിട്ടുള്ളതല്ലാതെ ഇനി അതിൽ എന്തു ചെയ്യാനുള്ളു? മുന്തിരിങ്ങ കായ്ക്കുമെന്നു ഞാൻ കാത്തിരുന്നാറെ അതു കാട്ടു മുന്തിരിങ്ങ കായ്ചതു എന്തു ആകയാൽ വരുവിൻ; ഞാൻ എന്റെ മുന്തിരിത്തോട്ടത്തോടു എന്തു ചെയ്യും എന്നു നിങ്ങളോട് അറിയിക്കാം; ഞാൻ അതിന്റെ വേലി പൊളിച്ച് കളകയും; അതു തിന്നു പോകും; ഞാൻ അതിന്റെ മതിൽ ഇടിച്ചുകളയും; അതു ചവിട്ടി മെതിച്ചുപോകും.*

-മാത്രമല്ല മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ അതിന്റെ അടുത്തു വന്നപ്പോൾ കുടിയാന്മാർ അവനെ പിടിച്ചു കൊന്നു കളയുകയാണു ചെയ്തത്.

www.gospelinmalayalam.com
fleettech@gmail.com

www.gospelinmalayalam.com

Mt 21:33-44 *മറ്റൊരു ഉപമ കേൾപ്പിൻ. ഗൃഹസ്ഥനായോരു മനുഷ്യൻ ഒരു മുന്തിരിതോട്ടം നട്ടുണ്ടാക്കി, അതിന് വേലി കെട്ടി, അതിൽ ചക്കു കുഴിച്ചിട്ടു ഗോപുരവും പണിതു; പിന്നെ കുടിയാൻമാരെ പാട്ടത്തിനു ഏൽപ്പിച്ചിട്ടു പരദേശത്തു പോയി. പലകാലം സമീപിച്ചപ്പോൾ തനിക്കുള്ള അനുഭവം വാങ്ങേണ്ടതിനു അവർ ദാസൻമാരെ കുടിയാൻമാരുടെ അടുക്കൽ അയച്ചു. കുടിയാൻമാരോ അവന്റെ ദാസൻമാരെ പിടിച്ചു, ഒരുവനെ തല്ലി, ഒരുവനെ കൊന്നു, മറ്റൊരുവനെ കല്ലെറിഞ്ഞു. അവൻ പിന്നെയും മുമ്പിലത്തേതും അധികം ദാസൻമാരെ അയച്ചു; അവരോടും അവർ അങ്ങനെതന്നെ ചെയ്തു. ഒടുവിൽ അവൻ എന്റെ മകനെ അവർ ശങ്കിക്കും എന്നു പറഞ്ഞു. മകനെ അവരുടെ അടുക്കൽ അയച്ചു. മകനെ കണ്ടിട്ടു കുടിയാൻമാർ: ഇവൻ അവകാശി; വരുവിൻ, നാം അവനെ കൊന്നു അവന്റെ അവകാശം കൈവശമാക്കുക എന്നു തമ്മിൽ പറഞ്ഞു, അവനെ പിടിച്ചു തോട്ടത്തിൽ നിന്ന് പുറത്താക്കി കൊന്നുകളഞ്ഞു ആകയാൽ മുന്തിരിതോട്ടത്തിന്റെ ഉടയവൻ വരുമ്പോൾ ആ കുടിയാൻമാരോട് എന്ത് ചെയ്യും? അവൻ ആ വല്ലാത്തവരെ വല്ലാതെ നിഗ്രഹിച്ചു തക്കസമയത്തു അനുഭവം കൊടുക്കുന്ന വേറെ കുടിയാൻമാർക്കു തോട്ടം ഏൽപ്പിക്കും എന്നു അവർ അവരോടു പറഞ്ഞു. യേശു അവരോടു: "വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു മൂലകല്ലായി തീർന്നിരിക്കുന്നു; ഇതു കർത്താവിനാൽ സംഭവിച്ചു നമ്മുടെ ദൃഷ്ടിയിൽ ആശ്ചര്യവുമായിരിക്കുന്നു" എന്നു നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ? അതുകൊണ്ടു ദൈവരാജ്യം നിങ്ങളുടെ പക്കൽനിന്നു എടുത്തു അതിന്റെ ഫലം കൊടുക്കുന്ന ജാതിക്കു കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഈ കല്ലിൻമേൽ വീഴുന്നവൻ തകർന്നു പോകും; അത് ആരുടെമേൽ എങ്കിലും വീണാൽ അവനെ ധൂളിപ്പിക്കും എന്നു പറഞ്ഞു.*

Jn 15:1-16 മുന്തിരിവള്ളി

-ഇപ്പോൾ ദൈവത്തിന്റെ മുന്തിരിത്തോട്ടം "ദൈവസഭ"യാകുന്നു. അതിൽ യഹൂദനും, യവനനും, (ജാതിയും) എല്ലാം. വിശ്വസിക്കുന്ന ഏവനും സാക്ഷാൽ മുന്തിരിവള്ളിയായ ക്രിസ്തുവിൽ കൊമ്പുകളാകുന്നു.

അത്തി: യിസ്രായേലിന്റെ രാഷ്ട്രീയ അവസ്ഥ കാണിക്കുന്നു.

Mark 11:12-14: കർത്താവു വിശന്നിട്ട് ഫലം തെരഞ്ഞ് അടുക്കൽ ചെല്ലുന്നു.

Luke13: 6-9: ഉടമസ്ഥൻ അത്തിയിൽ ഫലം തിരയുന്നു. 3 വർഷം ഫലം തിരഞ്ഞു.

Luke 21:29-32: തളിർക്കുന്ന അത്തി.

ഫലം ഇല്ലാഞ്ഞിട്ടും ഫലം ഉള്ളതു പോലെ കാണിച്ച അത്തി. കപടഭക്തി കാണിച്ച് ഇലയുള്ള അത്തിവൃക്ഷം. ഇലയുണ്ടെങ്കിൽ ഫലവും കാണേണ്ടതാണ്. എന്നാൽ ഫലമില്ലാത്ത കപടഭക്തി കർത്താവിന് അറപ്പാണ്. ആകയാൽ ആ അത്തിക്കു ഭവിച്ചതു പോലെ യഹൂദ ജാതിക്കും ഭവിച്ചു. കഴിഞ്ഞ 19 നൂറ്റാണ്ട് അവർ ഉണങ്ങിയ അത്തി പോലെയായിരുന്നു.

-ഇനി നിന്നിൽ നിന്ന് എന്നേക്കും ആരും ഫലം തിന്നാതിരിക്കട്ടെ എന്നു കർത്താവു അതിനെ ശപിച്ചു.

Mark 11:14 *അതു അത്തിപ്പഴത്തിന്റെ കാലമല്ലാഞ്ഞു. അവൻ അതിനോടു; ഇനി നിങ്കൽ നിന്നും എന്നേക്കും ആരും ഫലം തിന്നാതിരിക്കട്ടെ എന്നു പറഞ്ഞു; അതു ശിഷ്യന്മാർ കേട്ടു.*

Mt 21:18-19 *രാവിലെ അവൻ നഗരത്തിലേക്കു മടങ്ങിപ്പോകുന്ന സമയം വിശന്നിട്ടു വഴിയരികെ ഒരു അത്തി വൃക്ഷം കണ്ടു, അടുക്കെച്ചെന്നു അതിൽ ഇലയല്ലാതെ ഒന്നും കാണായ്കയാൽ ഇനി നിന്നിൽ ഒരു നാളും ഫലം ഉണ്ടാകാതെ പോകട്ടെ എന്നു അതിനോടു പറഞ്ഞു;*

എന്നേക്കും എന്നതിനു - ഈ യുഗത്തിന്റെ അന്ത്യത്തോളം എന്നാണ് original ഭാഷയിലുള്ള അർത്ഥം.

- അതിനുശേഷം അത്തി തളിർക്കും-അത്തി തളിർക്കുന്നതു കാണുമ്പോൾ വേനൽ അടുത്തിരിക്കുന്നു എന്ന് അറിഞ്ഞു കൊൾവിൻ

Mt 24:32 *അത്തിയെ നോക്കി ഒരു ഉപമ പഠിപ്പിൻ; അതിന്റെ കൊമ്പു ഇളതായി ഇല തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു നിങ്ങൾ അറിയുന്നുവല്ലോ.*

ഈ വചന നിവൃത്തി നാം കണ്ടു കഴിഞ്ഞു.

fleettech@gmail.com

www.gospelinmalayalam.com

ഒലിവു വൃക്ഷം

Hosea 14:6 *അവന്റെ കൊമ്പുകൾ പടരും; അവന്റെ ഭംഗി ഒലിവുവൃക്ഷത്തിൻ ഭംഗിപോലെയും അവന്റെ വാസന ലെബാനോന്റേതുപോലെയും ഇരിക്കും.*

-ഇനിയും യിസ്രായേൽ താഴെ വേരൂന്നി മീതെ ഫലം കായ്ക്കുന്നവരായിത്തീരും. നല്ല ഒലിവിൻ അവർ വീണ്ടും ഒട്ടിക്കപ്പെടുകയും ഫലം കായ്ക്കുകയും ചെയ്യും.

-അതു കർത്താവിന്റെ പുനരാഗമനവേളയിലാണ്. ജാതീയമായി അവർ തളിർത്ത അത്തി വൃക്ഷം പോലെയാണെങ്കിലും ആത്മീകമായി

-ഇപ്പോഴും അവിശ്വസത്തിലും അന്ധതയിലുമാണ്.

-ആ അന്ധത മാറ്റുവാനുള്ള സമയം അടുത്തിരിക്കുന്നു.

Rom 11:25 യിസ്രായേലിന്റെ അന്ധതാ മർമ്മം.

ജാതികളുടെ പൂർണ്ണസംഖ്യ- ജാതികളുടെ കാലം. ഈ രണ്ടു ശൈലികൾ നാം കാണുന്നു.

എന്താണു ജാതികളുടെ കാലം? Luke 21: 24 *അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകലജാതികളിലേക്കും ബദ്ധരായി കൊണ്ടുപോകയും ജാതികളുടെ കാലം തികയുവോളം ജാതികൾ യരുശലേം ചവിട്ടികളകയും ചെയ്യും.*

യഹൂദന്റെ കൈയിൽ നിന്നും രാജ്യം ജാതികളുടെ കൈയിലേക്ക് ഏല്പിക്കപ്പെട്ട കാലമാണ് ജാതികളുടെ കാലം. BC 606 ൽ നെബുക്കദ്നിസ്സർ ചക്രവർത്തി യഹൂദ്യയെ തന്റെ രാജ്യത്തോടു ചേർത്തു. യരുശലേം അവനു കീഴ്പ്പെട്ടു. അന്ന് ജാതികളുടെ കാലം ആരംഭിച്ചു

- എന്നാൽ ഈ ജാതികളുടെ കാലത്തിന് ദൈവം ഒരന്ത്യം കുറിക്കും.

നാലു പ്രഗൽഭ സാമ്രാജ്യങ്ങൾ ഇതിനിടെ ഉണ്ടായി.

| | |
|---|---|
| BC.606 -538 | Babilon |
| BC 538-330 | Medo-Persia |
| BC 330-30 | Greek |
| BC 30-AD 364 | Roma |

- ഇതിനിടയിൽ AD 30 ൽ സഭാകാലയളവ് (കൃപായുഗം) വന്നു ചേർന്നു. ക്രിസ്തുവിന്റെ പുനരാഗമനത്തോടെ അത് അവസാനിക്കും.

ജാതികളുടെ പൂർണ്ണസംഖ്യ

ഈ കൃപാ കാലം ജാതികളിൽ നിന്നും വിളിച്ചു വരുത്തിയ തന്റെ ശരീരമായ സഭയുടെ രൂപീകരണ സമയമാണ് ഇത് പെന്തക്കോസ്തു മുതൽ സഭയുടെ ഉൽപ്രാപനം വരെയുള്ള സമയമാണ്.

Acts 15:14 *ദൈവം തന്റെ നാമത്തിനായി ജാതികളിൽനിന്നു ഒരു ജനത്തെ എടുത്തുകൊൾവാൻ ആദ്യമായിട്ടു കടാക്ഷിച്ചതു ശീമോൻ വിവരിച്ചുവല്ലോ.*

ദൈവത്തിന്റെ നാമത്തിനായി ജാതികളിൽ നിന്ന് ഒരു ജനത്തെ എടുത്തു കൊൾവാൻ കടാക്ഷിച്ചു. - ഇതെത്രയെന്ന് ദൈവം അറിയുന്നു. ആ പൂർണ്ണ സംഖ്യ തികയുമ്പോൾ സഭ ഭൂമിയിൽ നിന്ന് മാറ്റപ്പെടും.

യിസ്രായേലിന് അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു.

ഹൃദയത്തിൽ മരവിപ്പ് സംഭവിച്ചിരിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ജാതികളുടെ സഭയിലേക്കുള്ള പ്രവേശനത്തിന്റെ പൂർണ്ണത, യിസ്രായേലിന്റെ അവിശ്വാസത്തിന്റെ അന്ത്യം കുറിക്കും.

Rom11:26,27 ജാതികളുടെ പൂർണ്ണസംഖ്യ, യഹൂദന്റെ പൂർണ്ണസംഖ്യയെ ത്വരിതപ്പെടുത്തും. യിസ്രായേൽ ജാതിയായി രക്ഷിക്കപ്പെടും എന്നുള്ളത് പുതിയനിയമത്തിലെ മാത്രം കാഴ്ചപ്പാടല്ല. പുതിയ നിയമത്തിലും ഇത് രേഖപ്പെടുത്തിയിരിക്കുന്നു.

Isa 59:20 *എന്നാൽ സീയോനും യാക്കോബിൽ അതിക്രമം വിട്ടുതിരിയുന്നവർക്കു അവർ*

fleettech@gmail.com

*വീണ്ടടുപ്പികാരനായി വരും എന്നു യഹോവയുടെ അരുളപ്പാട്.*

Isa 27:9 *ഇതുകൊണ്ടു യാക്കോബിന്റെ അകൃത്യത്തിനു പരിഹാരം വരും; അവന്റെ പാപത്തെ നീക്കിക്കളഞ്ഞതിന്റെ ഫലമെല്ലാം ഇതാകുന്നു. അവൻ ബലിപീഠത്തിന്റെ കല്ലു ഒക്കെയും ഇടിച്ചുതകർത്ത ചുണ്ണാമ്പു കല്ലുപോലെ ആക്കുമ്പോൾ അശേരാപ്രതിഷ്ഠകളും സൂര്യസ്തംഭങ്ങളും ഇനി നിവർന്നു നിൽക്കയില്ല.*

വിടുവിക്കുന്നവൻ അഥവാ വീണ്ടെടുപ്പുകാരൻ - സീയോനിൽ നിന്നു വരും

Ps 14:7 *സീയോനിൽ നിന്നു യിസ്രായേലിന്റെ രക്ഷ വന്നെങ്കിൽ യഹോവ തന്റെ ജനത്തിന്റെ സ്ഥിതി മാറ്റുമ്പോൾ യാക്കോബ് സന്തോഷിക്കയും യിസ്രായേൽ ആനന്ദിക്കയും ചെയ്യും.*

ഇത് യിസ്രായേലിനോടു ദൈവം തമ്പുരാൻ ചെയ്യുന്ന നിയമം.

Jer 31:33 *എന്നാൽ ഈ കാലം കഴിഞ്ഞശേഷം ഞാൻ യിസ്രായേൽഗൃഹത്തോടു ചെയ്‌വാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു. ഞാൻ എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും അവർ എനിക്കു ജനമായും ഇരിക്കും എന്നു യഹോവയുടെ അരുളപ്പാടു.*

Rom 11:28 സുവിശേഷം സംബന്ധിച്ച് ശത്രുക്കൾ-ദൈവത്തിന്റെ ശത്രുക്കൾ. ദൈവത്തിന്റെ പുത്രനെയും, സുവിശേഷത്താൽ അവർക്കു നൽകിയ അനുഗ്രഹങ്ങളേയും നിരസിച്ചതുകൊണ്ട് അവർ സുവിശേഷം നിമിത്തം ശത്രുക്കൾ ആയിരിക്കുന്നു.

-യിസ്രായേൽ സുവിശേഷത്തെ നിരസിച്ചതുകൊണ്ട്-ജാതികൾക്ക് അനുഗ്രഹം ലഭിക്കാൻ അത് അവസരമൊരുക്കി.

-എന്നാൽ ദൈവത്തിന്റെ മുൻ തിരഞ്ഞെടുപ്പു നിമിത്തം, പിതാക്കന്മാരെ ദൈവം തെരഞ്ഞെടുത്തതിനാൽ - അബ്രഹാമിലൂടെയും യിസഹാക്കിലൂടെയും യാക്കോബിലൂടെയും അവർ തെരഞ്ഞെടുക്കപ്പെട്ട ജനമായിത്തീർന്നു. പിതാക്കന്മാർ നിമിത്തം അവർ ദൈവത്തിനു പ്രിയർ ആണ്.

പിതാക്കന്മരോടു ദൈവം ചെയ്ത വാഗ്ദത്തം തക്ക സമയത്ത് നിവർത്തിക്കപ്പെടും. അവരുടെ നിരസനം അന്തിമമല്ല. അവരുടെ പുനസ്ഥാപനം ഉറപ്പാണ്.

Rom 11:29 ദൈവത്തിന്റെ വരദാനങ്ങളും, വിളിയും പിൻവലിക്കപ്പെടാവുന്നതല്ല. ദൈവത്തിന്റെ തിരഞ്ഞെടുപ്പ്, നീതീകരണം,പുത്രത്വം, വിളി, ആദിയായ കൃപാവരങ്ങൾ പിൻവലിക്കപ്പെടാൻ സാധ്യതയില്ല. പിതാക്കന്മാരോടു ചെയ്ത ദൈവ വാഗ്ദത്തം നിവൃത്തിയാക തന്നെ ചെയ്യും. ദൈവം വാക്കുമാറുന്നവനല്ല.

Jer18: 7-10 *ഞാൻ ഒരു ജാതിയെക്കുറിച്ചോ ഒരു രാജ്യത്തെക്കുറിച്ചോ അതിനെ പറിച്ചു ഇടിച്ചു നശിപ്പിച്ചുകളയും എന്നു അരുളിച്ചെയ്തിട്ടു ഞാൻ അങ്ങനെ അരുളിച്ചെയ്ത ജാതി തന്റെ ദുഷ്ടത വിട്ട് തിരിയുന്നുവെങ്കിൽ അതിനോടു ചെയ്‌വാൻ നിരൂപിച്ച ദോഷത്തെക്കുറിച്ച് ഞാൻ അനുതപിക്കും. ഒരു ജാതിയെക്കിറിച്ചോ രാജ്യത്തെക്കുറിച്ചോ ഞാൻ അതിനെ പണികയും നടുകയും ചെയ്യും. എന്ന് അരുളിച്ചെയ്തിട്ടു അതു എന്റെ വാക്കു കേട്ടനുസരിക്കാതെ എനിക്കു അനിഷ്ടമായുള്ളതു ചെയ്യുന്നുവെങ്കിൽ അവർക്കു വരുത്തും എന്ന് അരുളിച്ചെയ്ത നന്മയെക്കുറിച്ച് ഞാൻ അനുതപിക്കും.*

Num 23:19 *വ്യാജം പറവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല; താൻ കല്പിച്ചത് ചെയ്യാനിരിക്കുമോ?.*

Rom11:30,31 യിസ്രായേലിന്റെ അനുസരണക്കേടിനാൽ അനുസരണം കെട്ട ജാതികൾക്കു കരുണ ലഭിച്ചതുപോലെ, ജാതികൾ ദൈവകരുണ അനുഭവിച്ചതിലൂടെ യിസ്രായേൽ കരുണ കണ്ടെത്തും. അതിൽ തന്നെ ദോഷമായതിൽ നിന്ന് ദൈവം നന്മ ഉളവാക്കിയെങ്കിൽ, നന്മയായതിൽ നിന്ന് ദൈവം എന്ത് ഉളവാക്കുകയില്ല. തീർച്ചയായും നന്മയും അനുഗ്രഹവും ഉളവാക്കാൻ ദൈവത്തിനു കഴിയും.

Rom 11:32 ആരും കരുണ ലഭിപ്പാൻ യോഗ്യരായിരുന്നില്ല-എല്ലാവരെയും, യഹൂദനെയും, ജാതിയെയും അനുസരണക്കേടിൽ അടച്ചു കളഞ്ഞു.

Gal 3:22,23 *എങ്കിലും വിശ്വസിക്കുന്നവർക്കു വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസത്താൽ*

www.gospelinmalayalam.com
fleettech@gmail.com

*ലഭിക്കേണ്ടതിനു തിരുവെഴുത്തു എല്ലാവറ്റെയും പാപത്തിൻ കീഴടച്ചുകളഞ്ഞു. വിശ്വാസം വരും മുമ്പേനമ്മെ വെളിപ്പെടുവാനിരിക്കുന്ന വിശ്വാസത്തിനായികൊണ്ടു ന്യായപ്രമാണത്തിൻകീഴ് അടച്ചുസൂക്ഷിച്ചിരുന്നു.*

ജാതികളുടേയും, യഹൂദന്റെയും അവിശ്വാസവും അനുസരണക്കേടും മൂലം ഇപ്രകാരം സംഭവിച്ചു.

അനുസരണക്കേടില്ലാത്തിടത്തു കരുണ കാണിക്കാൻ സാധ്യമല്ലാത്തതു കൊണ്ട്, അവന്റെ കരുണ ഒരു വ്യത്യാസവുമില്ലാതെ എല്ലാവരോടും കാണിക്കേണ്ടതിന്, ദൈവം ജാതിയേയും യഹൂദനെയും "അനുസരണക്കേട്" എന്ന പൊതു തടവിൽ അടച്ചിട്ടു.

-ഇവിടെ വ്യക്തിയെയല്ല - മനുഷ്യവർഗ്ഗത്തിന്റെ വലിയ വിഭാഗമായ ജാതിയേയും യഹൂദനെയും"അനുസരണക്കേട്" എന്ന പൊതു തടവിൽ അടച്ചിട്ടു.

-ക്രിസ്തുവിനെ ...... ശിക്ഷവിധിക്കപ്പെട്ട നിലയും, അവിശ്വാസവും അനുഭവിക്കേണ്ടതിനും, അനന്തരം ക്രിസ്തുവിൽ അവന്റെ കരുണ അനുഭവിക്കേണ്ടതിനും ഈ ഓരോ വിഭാഗത്തേയും അനുസരണക്കേടിൽ അടച്ചുകളയുവാൻ ദൈവത്തിനു ഹിതമായി.

റോമാ ലേഖനം ആരംഭിച്ചപ്പോൾ "എല്ലാവരുടേയും ശിക്ഷാവിധി" എന്നാരംഭിച്ച ന്യായവാദം "എല്ലാവരുടെ മേലും ദൈവത്തിന്റെ കരുണ" എന്നും പറഞ്ഞുകൊണ്ടവസാനിച്ചു.

സ്തോത്രഗീതം 33:36

ഇത്ര മനോഹരമായ ഒരു ഭാഗം പൗലൂസ് വേറെ എഴുതിയിട്ടില്ല. 9-ാം അദ്ധ്യായത്തിൽ ആരംഭിച്ച സംഗ്രഹത്തിന്റെ ഒരു Concluding statement ആണിത്. വേറൊരർത്ഥത്തിൽ പറഞ്ഞാൽ1 മുതൽ 11 വരെയുണ്ടായിരുന്ന എല്ലാ വാദപ്രതിവാദങ്ങളുടേയും ഒരു സംഗ്രഹം

Rom 11:33 ഹാ ദൈവത്തിന്റെ ജ്ഞാനം, ധനം, അറിവ് എന്നിവയുടെ ആഴമേ! എവറസ്റ്റു കൊടുമുടിയുടെ അഗ്രത്തിൽ എത്തിയ ഒരു മനഷ്യനെപ്പോലെ അപ്പൊ.പൗലൂസ് തിരിഞ്ഞു നോക്കി നിന്നു ധ്യാനിക്കുകയാണ്. ആഴങ്ങൾ അവന്റെപാദപീഠത്തിൽ അവന്റെ ദൃഷ്ടി പദത്തിൽ വിഹ്വലവും വിസ്താരവുമേറിയ ഒരു ചക്രവാളം പ്രകാശ തരംഗങ്ങൾ അവയെ പ്രകാശിപ്പിക്കുന്നു.

ദൈവത്തിൻ തെരെഞ്ഞടുപ്പിൻ കൃപയെയും നന്മയെയും കുറിച്ചുള്ള വാദം. പൗലൂസിനെ ഉന്നത ശ്രംഗത്തിലെത്തിച്ചു. ആ ഉന്നതിയിൽ നിന്നു കൊണ്ട് ദൈവത്തിന്റെ ജ്ഞാനം, അറിവ്, ധനം എന്നിവയെ ധ്യാനിക്കുകയാണ്. മനുഷ്യന്റെ യുക്തി കൊണ്ട് അതിന്റെ ആഴത്തെ അളക്കാൽ കഴിയില്ല. തന്റെ കഴിവില്ലായ്മയെപ്പറ്റി പൗലൂസ് തികച്ചും ബോധവാനാണ്.

- ചരിത്രത്തിൽ ദൈവത്തിന്റെ ഉദ്ദേശങ്ങളുടെ കൂലങ്കഷമായ പരിശോധന പൗലൂസിൽ ഭയത്തിന്റേയും ആരാധനയുടേയും അനുഭൂതി ഉളവാക്കി. മനുഷ്യന്റെ പരിമിത ജ്ഞാനം അപരിമിത ജ്ഞാനത്തോടേറ്റു മുട്ടുമ്പോൾ മനുഷ്യനിൽ അത് അത്ഭുതം ഉളവാക്കും, ആരാധന ഉളവാക്കും

- ദൈവത്തിന്റെ ജ്ഞാനം മനുഷ്യർക്ക് അല്പം മാത്രമേ വെളിപ്പെടുത്തിയിട്ടുള്ളൂ. അതു തന്നെ മനസ്സിലാക്കാൻ നമുക്കു കഴിയുന്നില്ല. നമ്മുടെ ഗ്രഹണ ശക്തിക്കും അപ്പുറമാണ്, ആ വെളിപ്പാട്.

- ഹ! അതിന്റെ ആഴം ! അതിന്റെ രഹസ്യത്തെ ഓർക്കുമ്പോൾ നാമൊക്കെയും അമ്പരന്നു പോകും.

Rom 11:34 Isa 40:13 *യഹോവയുടെ മനസ്സു ആരാഞ്ഞറിയുകയോ അവനു മന്ത്രിയായി അവനെ ഗ്രഹിപ്പിക്കുകയോ ചെയ്യുന്നവൻ ആർ?*

1Cor 2:16 *കർത്താവിന്റെ മനസ്സു അറിഞ്ഞു അവനെ ഗ്രഹിപ്പിക്കുന്നവൻ ആർ? നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു.*

Job15:8 *നീ ദൈവത്തിന്റെ മന്ത്രിസഭയിൽ കൂടിയിട്ടുണ്ടോ? ജ്ഞാനത്തെ നീ കുത്തക പിടിച്ചിരിക്കുന്നുവോ?*

Jer 23 :18 *യഹോവയുടെ വചനം ദർശിച്ചു കേൾപ്പാൻ തക്കവണ്ണം അവന്റെ ആലോചനസഭയിൽ നിന്നവൻ*

www.gospelinmalayalam.com

fleettech@gmail.com

*ആർ? അവന്റെ വചനം ശ്രദ്ധിച്ചു കേട്ടിരിക്കുന്നവൻ ആർ?*

Rom 11:35 Job 35:7 *നീ നീതിമാനായിരിക്കുന്നതിനാൽ അവനു എന്തു കൊടുക്കുന്നു? അല്ലെങ്കിൽ അവൻ നിന്റെ കൈയ്യിൽനിന്നു എന്തു പ്രാപിക്കുന്നു?*

Job 41:11 *താൻ മടക്കി കൊടുക്കേണ്ടതിനു എനിക്കു മുമ്പുകൂട്ടി തന്നത് ആർ? ആകാശത്തിൻകീഴുള്ള തൊക്കെയും എന്റേതല്ലയോ?*

ഇവിടെ പൗലൂസ് സമർത്ഥിക്കയാണ്-കാൽവറിയിലൂടെ നമുക്ക് നൽകപ്പെട്ട രക്ഷ നമ്മുടെ യോഗ്യത കൊണ്ടോ, നമ്മുടെ ശക്തികൊണ്ടോ, അല്ല എല്ലാം ദൈവത്തിന്റെ കൃപയാൽ മാത്രം ആയിരുന്നു.

Rom 11:36 സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ - മനുഷ്യന്റെ ബുദ്ധിക്കപ്പുറമായ ഈ വിസ്താരമേറിയ പ്രപഞ്ചത്തിന്റെ സൃഷ്ടി, നിലനിൽപ്പ്, സകലതും St Paul ദൈവത്തിനു അർപ്പിക്കുകയാണ്. ദൈവം എല്ലാറ്റിന്റേയും ഉറവിടം, നിലനിൽപ്പ്, ലക്ഷ്യം.

Heb 2:10 *സകലത്തിനു ലാക്കും സകലത്തിനും കാരണഭൂതനുമായവൻ അനേകം പുത്രൻമാരെ തേജസിലേക്കു നടത്തുമ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനാക്കുന്നതു യുക്തമായിരുന്നു.*

Heb13:21 *നിങ്ങളെ അവന്റെ ഇഷ്ടം ചെയ്‌വാൻ തക്കവണ്ണം എല്ലാ നന്മയിലും യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളോരു യേശുക്രിസ്തു മുഖാന്തരം നമ്മിൽ നിവർത്തിക്കുമാറാകട്ടെ; അവന് എന്നേക്കും മഹത്വം. ആമേൻ.*

Cor 15:28 *എന്നാൽ അവനു സകലവും കീഴ്പെട്ടു വന്നശേഷം ദൈവം സകലത്തിനും സകലവും ആകേണ്ടതിന് പുത്രൻ താനും സകലവും തനിക്ക് കീഴാക്കി കൊടുത്തവനും കീഴ്പെട്ടിരിക്കും.*

എല്ലാ മനുഷ്യരും വസ്തുക്കളും അവന്റെ മഹത്വത്തിനായിട്ട്

- ഇവിടെ ഒരു മഹാസത്യം അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു.

- എല്ലാം ദൈവത്തിൽ നിന്ന് -കാരണം എല്ലാറ്റിനും കാരണദൂതൻ അവർ തന്നെ

- എല്ലാം അവനിൽ കൂടെ - കാരണം എല്ലാം അവനിലാണ് സ്ഥിതി ചെയ്തു പോരുന്നത്.

Heb 1:3 *അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു പാപങ്ങൾക്കു പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്തു ഇരിക്കയും..*

എല്ലാം അവങ്കലേക്ക് - കാരണം എല്ലാറ്റിന്റെയും ആദ്യന്തിക ലക്ഷ്യം അവന്റെ മഹിമ.

1Cor 8:6 *പിതാവായ ഏകദൈവമെ നമുക്കുള്ളു; അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതുമാകുന്നു. യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കു ഉണ്ടു; അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു.*

അവന് എന്നന്നേക്കും മഹത്വം. ആമേൻ.

God is the first cause, effective cause, and final cause of everything. His deep ways are beyond man's discovering

Beyond Man's knowing, beyond man's councelling and beyond man's giving

All thigs come from Him ( John 1 :3 *സകലവും അവൻ മുഖാന്തരം ഉളവായി.*

Col 1:16 *സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങളാകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.*

Rev 4:11 *കർത്താവേ, നീ സർവ്വവും സൃഷ്ടിച്ചവനും എല്ലാം നിന്റെ ഇഷ്ടം ഹേതുവാൽ ഉണ്ടായതും സൃഷ്ടിക്കപ്പെട്ടതും ആകയാൽ മഹത്വവും ബഹുമാനവും ശക്തിയും കൈക്കൊൾവാൻ യോഗ്യൻ എന്നു പറഞ്ഞുകൊണ്ട് തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിനു മുമ്പിൽ ഇടും.*

www.gospelinmalayalam.com

fleettech@gmail.com

By means of Him

Col 1:16 *സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങളാകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.*

and are for Him

സർവ്വ ശക്തനായ ദൈവം സകല സ്തുതിക്കും മഹത്വത്തിനും യോഗ്യനായിരിക്കുന്നു.

അവന് മഹത്വം ആമേൻ.

11-ാം അദ്ധ്യായത്തിലെ ചോദ്യങ്ങൾ - ആകെ 10

11:1 11:2, 11:4 , 11:11, 11:12, 11:15, 11:24, 11:34,(2) 11:35

www.gospelinmalayalam.com

fleettech@gmail.com